www.societytodaynews.com

2024 SEPTEMBER
04
WEDNESDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## നെഹ്റു ട്രോഫി വള്ളംകളി 28ന്

**ആലപ്പുഴ:** നെഹ്റു ട്രോഫി വള്ളംകളി ഈ മാസം 28ന് നടക്കും. മന്ത്രിമാരുടെ സാന്നിധ്യത്തിൽ ചേർന്ന നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റി യോഗത്തിലാണു തീരുമാനം. വള്ളംകളി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മാറ്റിവച്ച വള്ളംകളി അനിശ്ചിതമായി നീണ്ടു പോയതിൽ വള്ളംകളി പ്രേമികളുടെ ഭാഗത്ത് നിന്നും വലിയ പ്രതിഷേധം ഉയർന്നിരുന്നു. വള്ളംകളിക്കായി നടത്തിയ തയാറെടുപ്പുകളും പണച്ചെലവും മറ്റും ചൂണ്ടിക്കാട്ടി കോ ഓർഡിനേഷൻ കമ്മിറ്റി മുഖ്യമന്ത്രിക്ക് നിവേദനവും നൽകിയിരുന്നു.

## യാത്ര വിലക്കി; വിമാനക്കമ്പനി 7.25 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന് കോടതി

**കൊച്ചി:** യാത്ര വിലക്കിയ സംഭവത്തിൽ 7.25 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ വിമാനക്കമ്പനിക്ക് എറണാകുളം ജില്ലാ ഉപഭോക്തൃതർക്ക പരിഹാര കമ്മിഷന്റെ നിർദേശം. മകന്റെ ഏഴാം ജന്മദിനം ആഘോഷിക്കാൻ സിങ്കപ്പൂരിലേക്ക് പുറപ്പെട്ട സംഘത്തെ പാതിവഴിയിൽ വിലക്കിയ സംഭവത്തിലാണ് മെലിൻഡോ എയർലൈൻസിനോട് നഷ്ടപരിഹാരം നൽകാൻ നിർദേശിച്ചത്.

കൊച്ചിയിലെ അഭിഭാഷകനായ സി.എ. മജീദ്, ഭാര്യ, മക്കൾ, 70 വയസ്സുള്ള മാതാവ് എന്നിവർ ഉൾപ്പെടെയുള്ള ഏഴംഗ കുടുംബം ട്രാവൽ ഏജൻസി വഴിയാണ് ടിക്കറ്റ് ബുക്ക് ചെയ്തത്. കൊച്ചിയിൽനിന്ന് വിമാനത്തിൽ ക്വലാലംപുരിലെത്തിയപ്പോൾ പരാതിക്കാരന്റെ ഭാര്യക്ക് സിങ്കപ്പൂരിലേക്കുള്ള യാത്ര എയർലൈൻസ് വിലക്കി. പാസ്പോർട്ടിന്റെ കാലാവധി ആറുമാസം ബാക്കിയില്ല എന്നതാണ് കാരണം പറഞ്ഞത്. വിസയും നിലവിൽ സാധുവായ പാസ്പോർട്ടും ഉണ്ടെന്ന വസ്തുത ചൂണ്ടിക്കാണിച്ചെങ്കിലും പരിഗണിച്ചില്ല. തുടർന്ന് സംഘത്തിലെ മറ്റ് യാത്രക്കാരുടെ ടിക്കറ്റുകളും എയർലൈൻസ് റദ്ദാക്കി.

പരാതിക്കാരന്റെ ഭാര്യ കുഴഞ്ഞുവീണെങ്കിലും വിശ്രമിക്കാൻ ആവശ്യമായ സൗകര്യവും നൽകിയില്ല. ഉന്നത ഉദ്യോഗസ്ഥർ ഇടപെട്ട നീണ്ട ചർച്ചകൾക്കൊടുവിൽ യാത്ര വിലക്കിയ നടപടി തെറ്റാണെന്ന് അധികൃതർ സമ്മതിച്ചു. ഏറെ വൈകി മറ്റൊരു വിമാനത്തിൽ സംഘത്തെ സിങ്കപ്പൂരിൽ എത്തിച്ചു. എന്നാൽ, ഇതിനിടെ ക്വലാലംപുരിൽ ഇറക്കിയ ലഗേജ് കാണാതായി. അവശ്യ സാധനങ്ങൾ ഇല്ലാത്തതിനാൽ പുതിയവ അധികവിലയ്ക്ക് വാങ്ങാൻ നിർബന്ധിതരായി. സിങ്കപ്പൂരിൽ നാലുദിവസം ചെലവഴിക്കാനുള്ള പദ്ധതി രണ്ടുദിവസമായി ചുരുക്കേണ്ടി വന്നതായും പരാതിയിൽ പറയുന്നു.

## അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷന് ഏകീകൃത പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും

**തിരുവനന്തപുരം:** അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷന് ഏകീകൃത പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിക്കും. രജിസ്റ്റർ ചെയ്യുന്നവർക്ക് ആധാർ അധിഷ്ഠിതമായ യുണീക്ക് നമ്പർ നൽകി വിവിധ ഏജൻസികൾക്ക് വിവരങ്ങൾ ലഭ്യമാക്കും. രജിസ്ട്രേഷന്റെ ഉത്തരവാദിത്വം തൊഴിൽ ദാതാവിനായിരിക്കും. സ്ഥിരമായ തൊഴിൽദാതാവില്ലാത്ത വഴിയോരങ്ങളിലും മറ്റും തൊഴിൽ തേടുന്നവരുടെ രജിസ്ട്രേഷൻ തൊഴിലാളികളെ താമസിപ്പിക്കുന്ന കെട്ടിട ഉടമസ്ഥൻ നിർവഹിക്കണം. ജോലിയിൽ നിന്നോ താമസസ്ഥലത്ത് നിന്നോ വിട്ട് പോകുമ്പോൾ തൊഴിൽദാതാവ് / താമസിപ്പിക്കുന്ന കെട്ടിട ഉടമസ്ഥൻ തന്റെ രജിസ്ട്രേഷൻ അക്കൗണ്ടിൽ നിന്ന് ഇവരെ ഒഴിവാക്കണം. പുതിയ സ്ഥലത്ത് ജോലിക്കോ താമസത്തിനോ ചെല്ലുമ്പോൾ തൊഴിലാളിയുടെ യൂണീക് നമ്പർ ഉപയോഗിച്ച് പുതിയ ഉടമയുടെ കീഴിൽ രജിസ്ട്രേഷൻ പുതുക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തും.തൊഴിൽദാതാവ്, ലേബർ കോൺട്രാക്ടർമാർ, അതിഥി തൊഴിലാളികളെ താമസിപ്പിക്കുന്ന കെട്ടിട ഉടമകൾ എന്നിവർ ലേബർ ഓഫീസിൽ തങ്ങളുടെ വിശദാംശങ്ങൾ രജിസ്റ്റർ ചെയ്ത് ലോഗിൻ ഐഡിയും പാസ്‌വേഡും വാങ്ങണം. ഇവ ഉപയോഗിച്ച് തങ്ങളുടെ കീഴിൽ ജോലി ചെയ്യുന്ന/താമസിപ്പിക്കുന്ന അതിഥി തൊഴിലാളികളെ രജിസ്റ്റർ ചെയ്യിപ്പിക്കണം. തൊഴിൽ, വ്യവസായ, തദ്ദേശ സ്വയംഭരണ, പോലീസ് വകുപ്പുകൾ നിർവഹിക്കേണ്ട ചുമതലകളും നടപടികളും സംബന്ധിച്ച് വിശദമായ മാർഗരേഖ പുറപ്പെടുവിക്കുന്നതിന് തൊഴിൽ വകുപ്പിനെ ചുമതലപ്പെടുത്തും. വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന, ജില്ലാ, താലൂക്ക് തലങ്ങളിൽ കോർഡിനേഷൻ സമിതികൾ രൂപീകരിക്കും. ഓരോ വകുപ്പിലും നോഡൽ ഓഫീസറെ ചുമതലപ്പെടുത്തും.

## പൊന്നാനിയിൽ വീടിന് തീപിടിച്ചു; 5 പേർക്ക് പൊള്ളലേറ്റു, മൂന്നു പേരുടെ നില ഗുരുതരം

**മലപ്പുറം:** പൊന്നാനി മാറഞ്ചേരി പുറങ്ങിൽ വീടിനുള്ളിൽ തീപിടിച്ച് അപകടം. അഞ്ചുപേർക്ക് പൊള്ളലേറ്റു. മൂന്നുപേരുടെ നില ഗുരുതരം. പുറങ്ങ് പള്ളിപ്പടി തൂക്ക് പാലത്തിനു സമീപത്ത് താമസിക്കുന്ന ഏറാട്ട് വീട്ടിൽ സരസ്വതി, മകൻ മണികണ്ഠൻ, ഭാര്യ റീന ഇവരുടെ മക്കളായ അനിരുദ്ധൻ, നന്ദന എന്നിവർക്കാണ് പൊള്ളലേറ്റത്.മണികണ്ഠൻ, റീന, സരസ്വതി എന്നിവരുടെ നില ഗുരുതരമാണ്. ബുധനാഴ്ച പുലർച്ചെ 2 മണിയോടെ ഓടിട്ട വീടിന്റെ ഒരു മുറിയിലാണ് തീപിടിത്തം ഉണ്ടായത്. ബഹളം കേട്ട് ഓടിയെത്തിയ നാട്ടുകാർ വാതിൽ ചവിട്ടി പൊളിച്ച് ഇവരെ പുറത്തെടുക്കുകയായിരുന്നു.

വിദഗ്ധ ചികിത്സക്കായി ഇവരെ തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് കൊണ്ടുപോയി.



## വെള്ളെഴുത്തിന് തുള്ളിമരുന്ന്; ഒക്ടോബർ മുതൽ വിപണിയിൽ

**മുംബൈ:** വെള്ളെഴുത്ത് ബാധിച്ചവർക്ക് കണ്ണട ഒഴിവാക്കാനുള്ള തുള്ളിമരുന്ന് അടുത്ത മാസം മുതൽ ഔഷധ വിപണിയിൽ. ഇന്ത്യയിൽ ഇതാദ്യമാണ് ഇത്തരമൊരു മരുന്ന് വിതരണത്തിനെത്തുന്നത്. എൻറോഡ് ഫാർമസ്യൂട്ടിക്കൽ വികസിപ്പിച്ച 'പ്രെസ് വു' എന്ന തുള്ളിമരുന്നിന് 350 രൂപയാണു വില. ഡോക്ടറുടെ കുറിപ്പടിയുണ്ടെങ്കിൽ മാത്രമേ ലഭിക്കൂ.

ഡ്രഗ് കൺട്രോളർ ജനറൽ ഒഫ് ഇന്ത്യ, സെൻട്രൽ ഡ്രഗ് സ്റ്റാൻഡേഡ് കൺട്രോൾ ഓർഗനൈസേഷൻ (സിഡിഎസ്സിഒ) എന്നിവയുടെ അംഗീകാരം ലഭിച്ചതോടെയാണു മരുന്നിൻറെ വിപണനത്തിന് വഴിതെളിഞ്ഞത്. സബ്ജക്റ്റ് എക്സ്പെർട്ട് കമ്മിറ്റി മരുന്ന് പരിശോധിച്ച് അംഗീകാരത്തിനു ശുപാർശ ചെയ്തിരുന്നു.

40 വയസിൽ തുടങ്ങി 60കളുടെ അവസാനം വരെ വായനയ്ക്ക് തടസമുണ്ടാകുന്ന അവസ്ഥയാണു



വെള്ളെഴുത്ത്. കൃഷ്ണമണികളുടെ വലുപ്പം ചുരുക്കാൻ സഹായിച്ച് ഈ പ്രശ്നം പരിഹരിക്കുകയാണ് പ്രെസ് വു ചെയ്യുന്നതെന്ന് മുംബൈ ആസ്ഥാനമായുള്ള എൻറോഡ് ഫാർമസ്യൂട്ടിക്കൽസിൻറെ സിഇഒ നിഖിൽ കെ. മസുർക്കർ പറഞ്ഞു. ഒരു തുള്ളി ഒഴിച്ചാൽ 15 മിനിറ്റിനുള്ളിൽ പ്രവർത്തിച്ചു തുടങ്ങും. അടുത്ത 6 മണിക്കൂർ തെളിഞ്ഞ കാഴ്ച ലഭിക്കും. 3 മുതൽ 6 മണിക്കൂറിനുള്ളിൽ രണ്ടാമതൊരു തുള്ളി കൂടി ഒഴിച്ചാൽ കൂടുതൽ സമയം മികച്ച കാഴ്ച ലഭിക്കും. ഇതോടെ, കണ്ണട ഉപയോഗം ഒഴിവാക്കാമെന്നു മസുർക്കർ.

4055 പ്രായമുള്ളവരെ ലക്ഷ്യമിട്ടാണ് മരുന്നിൻറെ വിപണനം. മറ്റു രാജ്യങ്ങളിൽ സമാനമായ മരുന്നുണ്ടെങ്കിൽ ഇന്ത്യയിൽ ഇതാദ്യമെന്നു മസുർക്കർ പറഞ്ഞു. ഇന്ത്യൻ സാഹചര്യങ്ങളും ഇവിടത്തെ ശാരീരിക സവിശേഷതകളും കണക്കിലെടുത്താണ് മരുന്ന് വികസിപ്പിച്ചതെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയിൽ 274 പേരിലാണു മരുന്ന് പരീക്ഷിച്ചത്. മെച്ചപ്പെട്ട ഫലമാണു കിട്ടിയതെന്നു കമ്പനി. ഇവരിൽ 80 ശതമാനത്തിനും പാർശ്വഫലങ്ങളുണ്ടായില്ല. മറ്റുള്ളവർക്ക് ചെറിയ തോതിലുള്ള അസ്വാസ്ഥ്യങ്ങളും കണ്ണിനു ചുവപ്പും അനുഭവപ്പെട്ടു. തിലർക്ക് കാഴ്ചയിൽ മങ്ങലും തലവേദനയുമുണ്ടായി. എന്നാൽ, ഇവയെല്ലാം താത്കാലികമായിരുന്നു. മരുന്നുമായി പരിചയിച്ചതോടെ ഈ പ്രശ്നങ്ങൾ അവസാനിച്ചു. ഒരാൾ പോലും പരീക്ഷണം പാതിവഴിയിൽ നിർത്തിയില്ലെന്നു കമ്പനി വിശദീകരിച്ചു.



സൊസൈറ്റി ടുഡേ
SOCIETY TODAY

# കന്നുകുട്ടി പരിപാലന പദ്ധതി കർഷകർക്ക് ഏറെ പ്രയോജനകരം: മന്ത്രി



**കൊച്ചി:** ക്ഷീരകർഷകരുടെ ക്ഷേമം ലക്ഷ്യമാക്കി പീപ്പിൾസ് ഡയറി ഡെവലപ്മെന്റ് പ്രൊജക്ട്( പിഡിഡിപി) സെൻട്രൽ സൊസൈറ്റി നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. അങ്കമാലി സി.എസ്.എ ഓഡിറ്റോറിയത്തിൽ നടന്ന പിഡിഡിപിയുടെ ക്ഷീരകർഷക ക്ഷേമപ്രവർത്തന പദ്ധതികളുടെ ഭാഗമായുള്ള കന്നുകുട്ടി പരിപാലന പദ്ധതിയും പൊതുസമ്മേളനവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ഒരു കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതി സൊസൈറ്റിക്ക് കീഴിലുള്ള കർഷകർക്ക് ഏറെ പ്രയോജനകരമാണെന്ന് അഭിപ്രായപ്പെട്ട മന്ത്രി കേരളം പാൽ ഉദ്പാദനത്തിൽ സ്വയം പര്യാപ്തത നേടേണ്ടതുണ്ടെന്നും സർക്കാർ അതിനായുള്ള പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്നും പറഞ്ഞു. മുപ്പതിനായിരത്തിലധികം ക്ഷീരകർഷകർക്ക് പിന്തുണയായി പ്രവർത്തിക്കുന്ന സൊസൈറ്റി തങ്ങളുടെ ലാഭവിഹിതം വിവിധ ക്ഷേമപദ്ധതികളിലൂടെ കർഷകരിലേക്ക് എത്തിക്കുകയാണ്. 200 ൽ അധികം പാൽ സൊസൈറ്റികളും രണ്ടായിരത്തിലധികം മിൽക് ബൂത്തുകളും ഒരുലക്ഷം ലിറ്റർ സ്ഥാപിത ശേഷിയുള്ള അത്യാധുനിക ഡയറി പ്ലാന്റുമുള്ള പിഡിഡിപിക്ക് ക്ഷീരസംരക്ഷണ മേഖലയിൽ മികച്ച സംഭാവനകൾ നൽകാനാകുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.പിഡിഡിപി കർഷകർക്ക് നൽകുന്ന ബോണസിന്റെ വിതരണം ഉദ്ഘാടനം ചാലക്കുടി എംപി ബെന്നി ബഹനാൻ നിർവ്വഹിച്ചു.ക്ഷീരകർഷകർക്കുള്ള ഓണക്കിറ്റ് വിതരണം കാലടി പഞ്ചായത്ത് പ്രസിഡന്റ് ഷൈജൻ തോട്ടപ്പിള്ളിയും തീറ്റപ്പുൽ കൃഷി പദ്ധതി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മുത്തേടനും പ്രത്യേക ധനസഹായ പദ്ധതി അങ്കമാലി മുനിസിപ്പാലിറ്റി ചെയർമാൻ മാത്യു തോമസും ഉദ്ഘാടനം ചെയ്തു. യോഗത്തിൽ സൊസൈറ്റിക്ക് കീഴിലുള്ള കർഷകരുടെ ഭീമസങ്കട ഹർജി പിഡിഡിപി സി. എസ് ട്രഷറർ ഒ പി മത്തായി, മന്ത്രിക്ക് കൈമാറി. എറണാകുളം അങ്കമാലി അതിരൂപത വികാരി ജനറൽ മോൺ. ആന്റണി പെരുമായൻ അധ്യക്ഷത വഹിച്ച യോഗത്തിൽ പിഡിഡിപി സി.എസ് ചെയർമാൻ ഫാ. തോമസ് മങ്ങാട്ട്, പിഡിഡിപി സി.എസ് സെക്രട്ടറി എ.സി ജോൺസൺ, വൈസ് ചെയർമാൻ ഫാ. ബിജോയി പാലാട്ടി എന്നിവർ സംസാരിച്ചു.




ഇഎംഎസ് പഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സർവമത സമ്മേളനത്തിന്റെ നൂറാം വാർഷിക സെമിനാറിന്റെ സംഘാടക സമിതി രൂപീകരണയോഗം ഇഎംഎസ് പഠന ഗവേഷണകേന്ദ്രം ചെയർമാൻ സി എൻ മോഹനൻ ഉദ്ഘാടനം ചെയ്യുന്നു.

# സർവമത സമ്മേളനം: സംഘാടക സമിതി രൂപീകരിച്ചു

**ആലുവ:** ഇഎംഎസ് പഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സർവമത സമ്മേളനത്തിന്റെ നൂറാം വാർഷിക സെമിനാറിന്റെ സംഘാടക സമിതി രൂപീകരിച്ചു. ആലുവ അദ്വൈത

ആശ്രമത്തിൽ 26ന് നടത്തുന്ന സെമിനാർ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സംഘാടകസമിതി രൂപീകരണയോഗം ഇഎംഎസ് പഠന ഗവേഷണ കേന്ദ്രം ചെയർമാൻ സി എൻ മോഹനൻ ഉദ്ഘാടനം ചെയ്തു.

സെക്രട്ടറി സി കെ മണിശങ്കർ അധ്യക്ഷനായി. ആലുവ അദ്വൈത ആശ്രമം സെക്രട്ടറി സ്വാമി ധർമ്മ ചൈതന്യ, ഇഎംഎസ് പഠന ഗവേഷണകേന്ദ്രം ഡയക്ടർ സി ബി ദേവദർശനൻ, ജോൺ ഫെർണാണ്ടസ്, സിപിഐ എം ആലുവ ഏരിയ സെക്രട്ടറി എ പി ഉദയകുമാർ എന്നിവർ സംസാരിച്ചു.

സിപിഐ എം സംസ്ഥാന കമ്മിറ്റി അംഗങ്ങളായ എസ് ശർമ്മ, ഗോപി കോട്ടമുറിക്കൽ, ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻപിള്ള, യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ എസ് സതീഷ്, എഫ്ഐടി ചെയർമാൻ ആർ അനിൽകുമാർ, ഡോ. ധർമ്മരാജ് അടാട്ട്, അഡ്വ. പുഷ്പ ദാസ്, എം പി പത്രോസ്, ബാംബു കോർപറേഷൻ ചെയർമാൻ ടി കെ മോഹനൻ, പി എസ് ഷൈല, അഡ്വ. വി സലിം, എൻ സി ഉഷകുമാരി, എ കെ നസീർ, എം എൻ സത്യദേവൻ, എം എ ഹസീബ് എന്നിവർ പങ്കെടുത്തു. സംഘാടകസമിതി: പ്രൊഫ. എം കെ സാനു (ചെയർമാർ), ഡോ. ധർമ്മരാജ് അടാട്ട് ( ജനറൽ കൺവീനർ), എ പി ഉദയകുമാർ (ട്രഷറർ).

# വ്യാപാരി വ്യവസായി പ്രതിനിധികളുടെ യോഗം ചേർന്നു

**കൊച്ചി:** ഓണത്തോടനുബന്ധിച്ച് പൊതുവിപണിയിൽ അവശ്യ സാധനങ്ങളുടെ വിലക്കയറ്റം തടയുക, ലഭ്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ജില്ലയിലെ വ്യാപാരി വ്യവസായി പ്രതിനിധികളുടെ ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷിന്റെ അധ്യക്ഷതയിൽ ചേർന്നു. എല്ലാ വ്യാപാര കേന്ദ്രങ്ങളിലും ഹോട്ടൽ, റസ്റ്റോറന്റുകൾ എന്നിവിടങ്ങളിലും വിലനിലവാരം ഉപഭോക്താക്കൾക്ക് വ്യക്തമായി കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കേണ്ടതും പ്രദർശിപ്പിച്ചിരിക്കുന്ന അതേ വിലയ്ക്ക് തന്നെ സാധനങ്ങൾ വിൽക്കേണ്ടതുമാണെന്ന് ജില്ലാ കളക്ടർ നിർദേശിച്ചു. ഉപഭോക്താവിന് നിയമാനുസൃതമുള്ള ബിൽ നൽകുന്നതിനും വ്യാപാരികൾ ശ്രദ്ധിക്കേണ്ടതാണ്. ഓണക്കാലത്ത് ഡിമാന്റ് വർധിക്കുന്ന പച്ചക്കറി, പലവ്യഞ്ജന സാധനങ്ങളുടെ ലഭ്യത മുൻകൂട്ടി ഉറപ്പ് വരുത്തി വിലക്കയറ്റം ഒഴിവാക്കാൻ ശ്രദ്ധിക്കണം. നിയമ പ്രകാരമുള്ള എല്ലാ രേഖകളും വ്യാപാരികൾ സൂക്ഷിക്കണമെന്നും ജില്ലാ കളക്ടർ നിർദ്ദേശം നൽകി. ഓണക്കാലത്ത് പൊതുവിതരണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷ, റെവന്യൂ, പോലീസ് എന്നിവരടങ്ങുന്ന സ്ക്വാഡ് പരിശോധന ശക്തമാക്കിയിട്ടുണ്ടെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

## റെയിൽവേ സ്റ്റേഷനുകളുടെ വികസനം: പരിശോധനയ്ക്ക് ഉദ്യോഗസ്ഥ സംഘം എത്തും

**ആലുവ:** അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെട്ട ആലുവ, അങ്കമാലി, ചാലക്കുടി സ്റ്റേഷനുകളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്താൻ ഡിവിഷണൽ റെയിൽവേ മാനേജരുടെ നേതൃത്വത്തിൽ ഇന്ന് ഉദ്യോഗസ്ഥ സംഘം എത്തും. ഇതുമായി ബന്ധപ്പെട്ട് ചാലക്കുടി എംപി ബെന്നി ബഹനാൻ ഡിവിഷണൽ റെയിൽവേ മാനേജർക്ക് കത്ത് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്താമെന്നും വേണ്ട നിർദേശങ്ങൾ നൽകാമെന്നും ഡിവിഷണൽ റെയിൽവേ മാനേജർ ഉറപ്പ് നൽകിയിരുന്നു. നിലവിൽ അങ്കമാലി സ്റ്റേഷനിൽ 12.50 കോടി രൂപയുടെയും, ചാലക്കുടി സ്റ്റേഷനിൽ 4.50 കോടി രൂപയുടെയും പ്രവർത്തനങ്ങളാണ് നടക്കുന്നത്. ആലുവ സ്റ്റേഷനിൽ പ്രവർത്തനമാരംഭിക്കാനുണ്ട്. അങ്കമാലിയിലെ ചമ്പന്നൂർ ഫ്ലൈ ഓവർ, അങ്ങാടിക്കടവ് അടിപ്പാത, ചൂർണിക്കര പഞ്ചായത്തിലെ കമ്പനിപ്പടി അടിപ്പാത തുടങ്ങി ചാലക്കുടി ലോക്സഭ മണ്ഡലത്തിലെ എല്ലാ പ്രധാന വിഷയങ്ങളും ഉദ്യോഗസ്ഥർ വിലയിരുത്തും.

## ഓണമധുരം 2024 പോസ്റ്റർ വിതരണത്തിന് തുടക്കം

**കൊച്ചി:** ക്ഷീര കർഷക ക്ഷേമനിധി ബോർഡ് ക്ഷീര കർഷക ക്ഷേമനിധി അംഗങ്ങൾക്കായി നടപ്പിലാക്കുന്ന ഓണമധുരം പദ്ധതിയുടെ ജില്ലാതല പോസ്റ്റർ വിതരണ ഉത്ഘാടനം എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ നിർവഹിച്ചു. ക്ഷീരവികസന വകുപ്പ് എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ട്രീസ തോമസ്, ജില്ലാ നോഡൽ ഓഫീസർ പ്രിയ ജോസഫ്, അസിസ്റ്റന്റ് ഡയറക്ടർ പാർവതി കൃഷ്ണപ്രസാദ്, ഇടപ്പിള്ളി ക്ഷീരവികസന ഓഫീസർ ബിന്ദുജ, ചിറ്റേത്തുകര ക്ഷീരസംഘം പ്രസിഡന്റ് എം എൻ ഗിരി എന്നിവർ പങ്കെടുത്തു.

ഓണമധുരം പദ്ധതി പ്രകാരം 2024 ജൂലൈ വരെ ക്ഷീരസംഘത്തിൽ പാൽ അളന്ന ക്ഷീര കർഷക ക്ഷേമനിധി അംഗങ്ങൾക്ക് 300 രൂപ വീതം ഓണസമ്മാനമായി ബാങ്ക് അക്കൗണ്ടിലേക്കു നൽകുന്നു. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം സെപ്തംബർ ഒമ്പതിനു ക്ഷീര വികസന മൃഗ സംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി തിരുവനന്തപുരത്ത് നടത്തും. എറണാകുളം ജില്ലയിലെ 6354 ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

## അനിമേഷൻ കോഴ്സ് അഡ്മിഷൻ തുടരുന്നു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ തൊടുപുഴയിലുള്ള നോളഡ്ജ് സെന്ററിൽ. അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഗ്രാഫിക്സ് വെബ് ആന്റ് ഡിജിറ്റൽ ഫിലിം മേക്കിങ് (ഒരു വർഷം), മൂന്നു മാസത്തെ ഗ്രാഫിക് ഡിസൈനിങ്, വെബ് ഡിസൈനിങ്, ഓഡിയോ ആന്റ് വീഡിയോ എഡിറ്റിങ് കോഴ്സുകളിലേക്കുള്ള അഡ്മിഷൻ തുടരുന്നു. വിശദവിവരങ്ങൾക്ക് 04862228281, 7909228182 ഫോൺ നമ്പറുകളിലോ, കെൽട്രോൺ നോളഡ്ജ് സെന്റർ. മാതാ ഷോപ്പിങ് ആർക്കേഡിന് എതിർവശം. പാലാ റോഡ്. തൊടുപുഴ വിലാസത്തിലോ ബന്ധപ്പെടുക.

## സൈനികക്ഷേമ ബോധവത്കരണ സെമിനാർ 6ന്

**കൊച്ചി:** വിമുക്ത ഭടന്മാർക്കും അവരുടെ ആശ്രിതർക്കുമായി സെപ്തംബർ ആറിന് രാവിലെ 10 മുതൽ ഉച്ചക്ക് ഒരു മണിവരെ എറണാകുളം കാക്കനാട് സൈനിക് റസ്റ്റ് ഹൗസിൽ ജില്ലാ സൈനികക്ഷേമ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ബോധവത്കരണ സെമിനാർ സംഘടിപ്പിക്കുന്നു. . വിശദ വിവരങ്ങൾക്ക് ഫോൺ 04842422239.

## ഹരിത ഓണം ഉറപ്പാക്കും

**കൊച്ചി:** മാലിന്യമുക്തവും പുനരുപയോഗിക്കാൻ കഴിയുന്ന ഉത്പന്നങ്ങളും ആസ്പദമാക്കി ഇക്കൊല്ലത്തെ ഓണം 'ഹരിത ഓണം' എന്ന ആശയത്തിൽ ഉറപ്പുവരുത്താൻ ജില്ലാ ഹരിത മിഷൻ തീരുമാനം. യോഗത്തിൽ ജില്ലാ കളക്ടർ ഉമേഷ് എൻ.എസ്.കെ അധ്യക്ഷത വഹിച്ചു. ജില്ലാ സപ്ലൈ ഓഫീസർ സഹീർ ടി, ഹരിത കേരള മിഷൻ ജില്ലാ കോഓർഡിനേറ്റർ രഞ്ജിനി, കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് മനോഹരൻ ടി.ജെ, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ ജനറൽ സെക്രട്ടറി എ.ജെ റിയാസ്, മർച്ചന്റ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ടി.കെ മൂസ, എറണാകുളം മാർക്കറ്റ് സ്റ്റാൾ ഓണേഴ്സ് അസോസിയേഷൻ വൈസ് പ്രസിഡന്റ് ടി.എച്ച് നാസർ, കേരള മർച്ചന്റ്സ് ചേമ്പർ ഓഫ് കൊമേഴ്സ് പ്രതിനിധി നാസിർ കെ.എ തുടങ്ങിയവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# വായ്പാ പോർട്ട് ഫോളിയോ ആയിരം കോടി കവിഞ്ഞ് കെഎസ്ഐഡിസി

**കൊച്ചി:** സംസ്ഥാന വ്യവസായവകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മൻറ് കോർപറേഷൻറ(കെഎസ്ഐഡിസി) വായ്പാ പോർട്ട് ഫോളിയോ ആയിരം കോടി രൂപ കവിഞ്ഞു. ഈ നാഴികക്കല്ലിൻറെ ആഘോഷപരിപാടികളും കെഎസ്ഐഡിസിയുടെ എല്ലാ വായ്പാ സേവനങ്ങളും ഓൺലൈനാക്കുന്ന വെബ്സൈറ്റും മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്തു.വായ്പാ നടപടിക്രമങ്ങൾ സുതാര്യവും ലളിതവും സമയബന്ധിതവുമാക്കാൻ പുതിയ വെബ്സൈറ്റ് സഹായിക്കുമന്ന് മന്ത്രി പറഞ്ഞു. വായ്പയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പൂർണമായും വെബ്സൈറ്റിലൂടെ നിർവഹിക്കാം. ഇതിലൂടെ കെഎസ്ഐഡിസിയുടെ വായ്പാ സേവനങ്ങൾ ഗണ്യമായി ഉയരുമെന്ന് മന്ത്രി പ്രതീക്ഷ പ്രകടിപ്പിച്ചു.വ്യവസായങ്ങളുടെ വളർച്ചയ്ക്ക് സർക്കാർ എന്നും കൂടെ നിന്നിട്ടുണ്ട്. 224 കമ്പനികളിൽ കെഎസ്ഐഡിസിയ്ക്ക് ഓഹരിയുണ്ടായിരുന്നു. നിലവിൽ 74 കമ്പനികളിലായി 115.7 കോടി രൂപയാണ് നിക്ഷേപിച്ചിട്ടുള്ളത്. ഇതിൻറ നിലവിലെ വിപണി മൂല്യം ഇപ്പോൾ ആയിരം കോടി കവിഞ്ഞെന്നും അദ്ദേഹം പറഞ്ഞു.

വായ്പ നൽകുന്നതിൽ നിലവിലുണ്ടായിരുന്ന പരാതികൾക്ക് ശാശ്വതപരിഹാരമാണ് വെബ്സൈറ്റെന്ന് വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് പറഞ്ഞു. കോഴിക്കോട് കെഎസ്ഐഡിസിയുടെ ഓഫീസ് തുറന്നത് വായ്പാ പോർട്ട്ഫോളിയോ 1000 കോടിയാകാൻ സഹായിച്ചിട്ടുണ്ട്. കൂടുതൽ ആശാവഹമായ പ്രവർത്തനങ്ങൾ കെഎസ്ഐഡിസി നടത്തുമെന്നും അദ്ദേഹം പറഞ്ഞു. വ്യവസായ പ്രോത്സാഹനത്തിനും ഉപഭോക്തൃ സേവനത്തിനും കൂടുതൽ മികച്ച പദ്ധതികൾ കെഎസ്ഐഡിസി ഉടൻ അവതരിപ്പിക്കുമെന്ന് ചെയർമാൻ പോൾ ആൻറണി പറഞ്ഞു. പരാതിപരിഹാരത്തിന് ഏർപ്പെടുത്തിയിട്ടുള്ള കാര്യക്ഷമമായ സംവിധാനം ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

2005 മുതൽ 2024 വരെയുള്ള കാലയളവിലാണ് ഈ നേട്ടം കൈവരിച്ചതെന്ന് കെഎസ്ഐഡിസി എം ഡി എസ് ഹരികിഷോർ പറഞ്ഞു. അതിൽ 2005 വരെ 150 കോടി രൂപയായിരുന്നു വായ്പ നൽകിയത്. അടുത്ത പതിനഞ്ച് വർഷം കൊണ്ട് ഇത് 400 കോടിയോളം രൂപയായി. എന്നാൽ നാല് വർഷം കൊണ്ട് ഇത് മൂന്നിരട്ടിയോളം കൂടി 1032 കോടി രൂപയായിക്കഴിഞ്ഞു.

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇത് നാലായിരം കോടിയാക്കാനാണ് കെഎസ്ഐഡിസി പ്രയത്നിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ, കെഎസ്ഐഡിസി ഡയറക്ടർമാരായ അഡ്വ. ആനന്ദ് കെ, പമേല അന്ന മാത്യു, ബാബു എബ്രഹാം കള്ളിവയലിൽ, സി ജെ ജോർജ്ജ് തുടങ്ങിയവരും പങ്കെടുത്തു. കഴിഞ്ഞ 15 വർഷമായി കെഎസ്ഐഡിസിയുമായി സഹകരിക്കുന്ന 17 വ്യവസായികളെ ചടങ്ങിൽ ആദരിച്ചു.

# ഇന്ത്യൻ സഞ്ചാരികളെ ക്ഷണിച്ച് സ്പെക്ടാക്കുലർ സൗദി കാമ്പയിൻ

**കൊച്ചി:** സൗദിയുടെ ദേശീയ ടൂറിസം ബ്രാൻഡായ 'സൗദി വെൽകം ടു അറേബ്യ' ഇന്ത്യൻ വിപണിയിൽ ആദ്യമായി 'സ്പെക്ടാകുലർ സൗദി' എന്ന പേരിൽ ഒരു പുതിയ ക്യാമ്പയിൻ ആരംഭിച്ചു. ജനങ്ങൾ കരുതുന്നതിലും അദ്ഭുതകരമാണ് സൗദി അറേബ്യ എന്ന് പുറംലോകത്തെ അറിയിക്കുകയാണ് പുരാതന കഥകളും ആധുനിക അത്ഭുതങ്ങളും ആകർഷകമായി സംയോജിപ്പിച്ചിരിക്കുന്ന ക്യാമ്പയിനിന്റെ ലക്ഷ്യം. സൗദിയിലെ ഐക്കണിക് ലാൻഡ്സ്കേപ്പുകളും അനുഭവങ്ങളും കാഴ്ചക്കാരിലെത്തിച്ച് ആഴത്തിലുള്ള ഒരു യാത്രയിലേക്കാണ് ഇന്ത്യയിലുടനീളം ഇംഗ്ലീഷിൽ അവതരിപ്പിച്ചിരിക്കുന്ന സ്പെക്ടാക്കുലർ സൗദി കാഴ്ചക്കാരെ കൊണ്ടുപോകുന്നത്. ദിരിയയിൽ സ്ഥിതി ചെയ്യുന്ന അൽതുറൈഫിലെ പുരാതന കളിമൺ ഇഷ്ടികയിലുള്ള വാസ്തുവിദ്യ മുതൽ ചെങ്കടലിലെ പരിശുദ്ധമായ ജലം വരെ, ജിദ്ദയിലുള്ള അൽബലദിലെ ചരിത്ര വീഥികൾ, അൽഉല, ഹെഗ്രയിലെ മഹത്തായ നബാതിയൻ സ്മൃതികുടീരങ്ങൾ



വരെയുള്ള സൗദിയെ മനോഹരമായ ഒരു വിനോദസഞ്ചാര പ്രദേശമാക്കി മാറ്റുന്ന എല്ലാ വിസ്മയങ്ങളും ക്യാമ്പയിനിൽ എടുത്തുകാട്ടുന്നു. യാത്ര ചെയ്യാനും വ്യത്യസ്തമായ അനുഭവങ്ങൾ ആസ്വദിക്കാനും ഇഷ്ടപ്പെടുന്നവരാണ് ഇന്ത്യക്കാർ. പുതിയ ലക്ഷ്യസ്ഥാനങ്ങൾ, സംസ്കാരങ്ങൾ, ഗ്യാസ്ട്രോണമി എന്നിവ പര്യവേക്ഷണം ചെയ്യാൻ അവർക്ക് അതിയായ താൽപര്യമുണ്ടെന്നും, അതാണ് സൗദി വാഗ്ദാനം ചെയ്യുന്നതെന്ന് സൗദി ടൂറിസം അതോറിറ്റിയിലെ എപിഎസി മാർക്കറ്റ്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസ് പ്രസിഡന്റ് അൽഹസൻ അൽദബാഗ് പറഞ്ഞു. സൗദിയിലെ എട്ട് യുനെസ്കോ ലോക പൈതൃക കേന്ദ്രങ്ങളായ ദിരിയ, അൽബലദ്, അൽഉലയിലെ ഹെഗ്ര തുടങ്ങിയ ഐക്കണിക് ഡെസ്റ്റിനേഷനുകൾക്കൊപ്പം പഴക്കമുള്ള ചരിത്രത്തിലൂടെ സഞ്ചരിക്കാനും, ലോകോത്തര സംസ്കാരം, സാഹസികത, പാചക രീതി എന്നിവ അനുഭവിച്ചറിയാനുമാവുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 2023ൽ മാത്രം 1.6 ദശലക്ഷം ഇന്ത്യക്കാർ സൗദി സന്ദർശിച്ചിട്ടുണ്ട്. മുൻ വർഷത്തെ അപേക്ഷിച്ച് ഇന്ത്യയിൽ നിന്നുള്ള വിനോദ യാത്രകളിൽ 240% വർധനവാണ് സൗദി അറേബ്യയിലക്ക് ഉണ്ടായത്. എല്ലാ ആഴ്ച്ചയും 330ലധികം നേരിട്ടുള്ള ഫ്ളൈറ്റുകൾ സൗദിയിലേക്കുണ്ട്. സൗദി അറേബ്യയെക്കുറിച്ച് കൂടുതലറിയാനും, ഇന്ത്യയിലെ 12 വ്യാപാര പങ്കാളികളിൽ നിന്നുള്ള എക്സ്ക്ലൂസീവ് പാക്കേജുകളെ കുറിച്ച് അറിയാനും, ഓഫറുകൾ ഉപയോഗിച്ച് നിങ്ങളുടെ യാത്ര ബുക്ക് ചെയ്യാനും https://www.visitsaudi.com/en/c-ampaigns/india സന്ദർശിക്കാം.

# ഐടി കയറ്റുമതിയിൽ ഇൻഫോപാർക്കിന് 24.28 ശതമാനം വളർച്ചാ നിരക്ക്

**കൊച്ചി:** സംസ്ഥാനത്തിന്റെ ഐടി കയറ്റുമതിയിൽ മറ്റൊരു നാഴികക്കല്ല് കൂടി സ്വന്തമാക്കി ഇൻഫോപാർക്ക്. കഴിഞ്ഞസാമ്പത്തിക വർഷത്തിൽ ഇൻഫോപാർക്കിൽ നിന്നുള്ള ഐടി കയറ്റുമതി 24.28 ശതമാനം വർധിച്ചു. 202324 വർഷത്തെ കയറ്റുമതി വരുമാനം 11,000 കോടി കടന്ന് 11,417 കോടി രൂപയിലെത്തി.എട്ടു വർഷങ്ങൾക്ക് മുമ്പ് 201617 സാമ്പത്തിക വർഷത്തിൽ 3000 കോടി രൂപയായിരുന്നു ഇൻഫോപാർക്കിൽ നിന്നുള്ള ഐടി ഉത്പന്ന കയറ്റുമതിയുടെ മൂല്യം. അന്ന് 328 കമ്പനികളും 32,800 ജീവനക്കാരും 70 ലക്ഷം ബിൽട്ട് അപ് സ്ഥലവുമായിരുന്നു ഇൻഫോപാർക്കിനുണ്ടായിരുന്നത്. എന്നാൽ എട്ടു വർഷത്തിനിപ്പുറം 582 കമ്പനികളിലായി 70,000 ലേറെ ജീവനക്കാരും 92.62 ലക്ഷം ചതുരശ്രയടി ബിൽട്ട് അപ് സ്ഥലവുമാണ് ഇൻഫോപാർക്കിലുള്ളത്.കൊവിഡ് പ്രതിസന്ധി മൂലം ലോകമെമ്പാടും യുദ്ധകാലാടിസ്ഥാനത്തിൽ നടന്ന ഡിജിറ്റലൈസേഷൻ അവസരങ്ങൾ പൂർണമായും ഉപയോഗപ്പെടുത്താൻ ഇൻഫോപാർക്കിലെ കമ്പനികൾക്കായി എന്ന് സിഇഒ സുശാന്ത് കുറുന്തിൽ ചൂണ്ടിക്കാട്ടി. ഇതു മൂലം കമ്പനികളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. എട്ടു വർഷം കൊണ്ട് ഇരട്ടിയിലധികം തൊഴിലവസരങ്ങളാണ് ഇവിടെ സൃഷ്ടിക്കപ്പെട്ടത്.കൊവിഡ് പ്രതിസന്ധി മൂലം നൂതന ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കാൻ കമ്പനികൾ പരമാവധി പരിശ്രമിച്ചു. ഇക്കാലയളവിൽ ഐടി കമ്പനികളിലെ ഡിമാൻറും ഏറെ കൂടുതലായിരുന്നു. മാറുന്ന സാങ്കേതികവിദ്യയ്ക്കനുസരിച്ച് ജീവനക്കാരെ പരിശീലിപ്പിക്കുന്നതിനും അവസരത്തിനൊത്തുയരുന്നതിനും ഇൻഫോപാർക്കിലെ ഐടി ആവാസവ്യവസ്ഥ കാണിച്ച താത്പര്യം ഈ നേട്ടത്തിനു പിന്നിലുണ്ടെന്നും സുശാന്ത് കുറുന്തിൽ പറഞ്ഞു.കൊവിഡ് കാലത്ത് ഇൻഫോപാർക്ക് മികച്ച നേട്ടമാണ് ഐടി കയറ്റുമതിയിൽ രേഖപ്പെടുത്തിയിരുന്നത്. 202021 ൽ 6,310 കോടി രൂപ(21.35 ശതമാനം), 202122 ൽ 8,500 കോടി രൂപ(34.7 ശതമാനം) 202223 ൽ 9,186 കോടി രൂപ(8.07 ശതമാനം), എന്നിങ്ങനെയായിരുന്നു നിരക്ക്.കാക്കനാടുള്ള ഇൻഫോപാർക്ക് ഫേസ് ഒന്ന്, ഫേസ് രണ്ട് എന്നിവ കൂടാതെ കൊരട്ടിയിൽ ഇൻഫോപാർക്ക് തൃശൂർ, ആലപ്പുഴ ജില്ലയിൽ ഇൻഫോപാർക്ക് ചേർത്തല  എന്നീ കാമ്പസുകളുണ്ട്. 87.46 ലക്ഷം ചതുരശ്രയടി സ്ഥലമാണ് ഇൻഫോപാർക്ക് ഫേസ് ഒന്നിലും രണ്ടിലും കൂടിയുള്ളത്. 67,000 നടുത്ത് ഐടി ജീവനക്കാരാണ് ഇവിടെയുള്ളത്. ഫേസ് ഒന്നിലും രണ്ടിലുമായി 503 കമ്പനികളാണുള്ളത്. കൊരട്ടി കാമ്പസിൽ 58 കമ്പനികളും 2000 ൽപ്പരം ജീവനക്കാരുമാണുള്ളത്. ചേർത്തല കാമ്പസിൽ 21 കമ്പനികളും 300 ൽപരം ഐടി ജീവനക്കാരുമുണ്ട്.

# ഫിസാറ്റിൽ വിദ്യാരംഭത്തിന് തിരി തെളിഞ്ഞു

**കൊച്ചി:** അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിലെ വിദ്യാരംഭത്തിന് തിരി തെളിഞ്ഞു. ഏറെ പ്രതീക്ഷകളോടെ തങ്ങളുടെ ജീവിതത്തിലെ അടുത്ത അധ്യായത്തിന് തൊള്ളായിരത്തോളം കുട്ടികൾ തയാറായി കഴിഞ്ഞു. വിദ്യാരംഭ ചടങ്ങുകൾ തിരുവനന്തപുരം സാങ്കേതിക വിദ്യഭ്യാസ ഡയറക്റ്റർ ഡോ പി ആർ ഷാലിജ് ഉത്ഘാടനം ചെയ്തു. ചടങ്ങിൽ ഫിസാറ്റ് ചെയർമാൻ പി ആർ ഷിമിത്ത് അധ്യക്ഷത വഹിച്ചു.

വിദ്യാർത്ഥികളുടെ സംഗീത പരിപാടിയോടെയാണ് വിദ്യാരംഭ ചടങ്ങുകൾ ആരംഭിച്ചത്.   ഭാവി തലമുറയിൽ എഞ്ചിനിയറുമ്മാരെ വാർത്തെടുക്കുന്നതിൽ ഫിസാറ്റ് കാണിക്കുന്ന നിസ്തുലമായ പ്രവർത്തനം എല്ലാ കോളേജുകൾക്കും മാതൃകാപരമാണെന്ന് സമ്മേളനം ഉത്ഘാടനം ചെയ്തുകൊണ്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഡോ പി ആർ ഷാലിജ് പറഞ്ഞു. മറ്റു കോഴ്സുകളിൽ നിന്ന് എൻജിനിയറിങ് പോലുള്ള കോഴ്സുകൾ വേറിട്ട് നില്കുന്നത് അതിൻറെ തൊഴിൽ സാധ്യത ഏറെ വർധിക്കുന്ന സാഹചര്യം ഉള്ളതുകൊണ്ടാണ് എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ ഇ വർഷം റാങ്ക് നേടിയ വിദ്യാർത്ഥികളെയും കലാപരമായും കായിക പരമായും നേട്ടങ്ങൾ കൊയ്ത് നിരവധി വിദ്യാർത്ഥികളെയും ആദരിച്ചു. കൂടാതെ മികച്ച വിദ്യാർത്ഥികൾക്കുള്ള അംബു ശിവദാസ് മെമ്മോറിയൽ സ്കോളർഷിപ്പ്, കെ യു ജോസഫ് മെമ്മോറിയൽ സ്കോളർഷിപ്പ് തുടങ്ങിയവ ചടങ്ങിൽ വിതരണം ചെയ്തു. ആദ്യമായി തിരുവനന്തപുരം എ പി ജെ അബ്ദുൽ കലാം സാങ്കേതിക സർവകലാശാലയിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ നടന്ന പ്രഥമ ഫുട്ബോൾ മത്സരത്തിൽ വിജയം നേടിയ പെൺകുട്ടികളുടെ ഫുട്ബോൾ ടീമിനെ പ്രേത്യകം അഭിനന്ദിച്ചു.

ചടങ്ങിൽ  വൈസ് ചെയർമാൻ സച്ചിൻ ജേക്കബ് പോൾ, ട്രഷറർ ജെനിബ് ജെ കാച്ചപ്പിള്ളി, വൈസ് പ്രസിഡന്റ് പോൾ മുണ്ടാടൻ, അസ്സോസിയേറ്റ് സെക്രട്ടറി എം പി അബ്ദുൽ നാസ്സർ, മാനേജിങ് കമ്മിറ്റി അംഗങ്ങളായ ജോർജ് സി ചാക്കോ, ഇ കെ രാജവർമ്മ, അജിത്ത് കുമാർ കെ കെ, ജയശ്രീ ആർ, വി ഓ പാപ്പച്ചൻ വൈസ് പ്രിൻസിപ്പൽ ഡോ പി ആർ മിനി, ഡീൻ ഡോ ജി ഉണ്ണികർത്ത, പി ടി എ പ്രസിഡന്റ് ശ്രീകാന്ത് ജെ ആർ, ഫിസാറ്റ് ബിസിനസ് സ്കൂൾ ഡയറക്ടർ അനു അന്ന ആന്തണി, അഡ്മിഷൻ കമ്മിറ്റി കോ ഓർഡിനേറ്ററുമാരായ ഡോ ജോസ് ചെറിയാൻ, സൗമ്യ കൃഷ്ണൻ കുട്ടി തുടങ്ങിവർ പങ്കെടുത്തു.

# നോർക്ക കാനറാ ബാങ്ക് പ്രവാസി ബിസിനസ് ലോൺ ക്യാമ്പ് നാളെ

**കൊച്ചി:** എറണാകുളം ജില്ലയിലെ പ്രവാസിസംരംഭകർക്കായി നോർക്ക റൂട്സും കാനറാ ബാങ്കും സംയുക്തമായി സെപ്റ്റംബർ 5ന് പ്രവാസി ബിസിനസ് ലോൺ ക്യാമ്പ് സംഘടിപ്പിക്കുന്നു. ടി ഡി റോഡ് നോർത്ത് എൻഡ് ലക്ഷ്മിഭായി ടവറിലെ കാനറാ ബാങ്ക് റീജിയണൽ ഓഫീസിലാണ് ക്യാമ്പ്.

താൽപര്യമുള്ളവർ 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +918802 012 345 (വിദേശത്തു നിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. വേദിയിൽ സ്പോട്ട് രജിസ്ട്രേഷനും അവസരമുണ്ടാകും. നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന നോർക്ക ഡിപ്പാർട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് അഥവ എൻ.ഡി.പി.ആർ.ഇ.എം പദ്ധതി പ്രകാരമാണ് ക്യാമ്പ്.

രണ്ട് വർഷത്തിൽ കൂടുതൽ വിദേശത്തു ജോലിചെയ്തു നാട്ടിൽ സ്ഥിരതാമസമാക്കിയ പ്രവാസി കേരളീയർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവയുടെ വിപുലീകരണത്തിനും പ്രയോജനപ്പെടുത്താം. പാസ്സ്പോർട്ട്, ആധാർ, പാൻകാർഡ്, ഇലക്ഷൻ ഐ.ഡി, റേഷൻ കാർഡ് എന്നിവയുടെ ഒറിജിനലും പകർപ്പുകളും, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകൾ പദ്ധതിവിശദീകരണം, പദ്ധതിക്കാവശ്യമായ മറ്റു രേഖകൾ എന്നിവ സഹിതമാണ് പങ്കെടുക്കേണ്ടത്. പ്രവാസി കൂട്ടായ്മകൾ, പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനികൾ, സൊസൈറ്റികൾ എന്നിവർക്കും അപേക്ഷിക്കാൻ അർഹതയുണ്ടെന്ന് അധികൃതർ വ്യക്തമാക്കി.

# നൂറു ദശലക്ഷത്തിലേറെ ഇന്ത്യക്കാർ സിബിൽ സ്കോറും റിപ്പോർട്ടും പരിശോധിച്ചു

**കൊച്ചി:** നൂറു ദശലക്ഷത്തിലേറെ ഇന്ത്യക്കാർ തങ്ങളുടെ സിബിൽ സ്കോറും റിപ്പോർട്ടും പരിശോധിച്ചതായി 2024 മാർച്ചിലെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. തങ്ങളുടെ സ്വന്തം സിബിൽ സ്കോറും റിപ്പോർട്ടും പരിശോധിക്കുന്നവരുടെ എണ്ണം 51 ശതമാനം വർധിച്ചതായാണ് 202324 സാമ്പത്തിക വർഷത്തെ കണക്കുകൾ വ്യക്തമാക്കുന്നത്. മെട്രോ ഇതര നഗരങ്ങളിൽ സ്വയം നിരീക്ഷണം നടത്തുന്ന ഉപഭോക്താക്കളുടെ എണ്ണത്തിൽ 57 ശതമാനം വർധനവാണ് ഉണ്ടായത്. മെട്രോ മേഖലകളിൽ 33 ശതമാനം വർധനവും ഉണ്ടായി.

2024 സാമ്പത്തിക വർഷത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 12 ശതമാനം വാണിജ്യ സ്ഥാപനങ്ങൾ ആദ്യമായ തങ്ങളുടെ കമ്പനി ക്രെഡിറ്റ് റിപ്പോർട്ട് പരിശോധിച്ചതായും കണക്കുകൾ വ്യക്തമാക്കുന്നു. ട്രാൻസ് യൂണിയൻ സിബിൽ പുറത്തിറക്കിയ എംപവറിങ് ഫിനാൻഷ്യൽ ഫ്രീഡം, ദി റൈസ് ഓഫ് ക്രെഡിറ്റ് സെൽഫ് മോണിറ്ററിങ് ഇൻ ഇന്ത്യ എന്ന റിപോർട്ടാണ് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നത്.രാജ്യത്തെ ജനങ്ങളുടെ അവബോധം വർധിക്കുന്നത് ഇന്ത്യയുടെ വളർച്ചയ്ക്ക് ശക്തമായ അടിത്തറയാണു നൽകുന്നതെന്ന് റിപ്പോർട്ടിനെ കുറിച്ച് സംസാരിക്കവെ ട്രാൻസ് യൂണിയൻ സിബിൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ രാജേഷ് കുമാർ പറഞ്ഞു.



# മുത്തൂറ്റ് സ്നേഹാശ്രയ പദ്ധതിയ്ക്ക് പുരസ്കാരം

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസിനു 11ാമത് സിഎസ്ആർ ടൈംസ് ദേശീയ ഉച്ചകോടിയിൽ ഹെൽത്ത് കെയർ വിഭാഗത്തിൽ സിഎസ്ആർ സംരംഭമായ മുത്തൂറ്റ് സ്നേഹാശ്രയ വെങ്കല പുരസ്കാരം നേടി. ഗോവ രാജ്ഭവനിൽ നടത്തിയ ചടങ്ങിൽ മുത്തൂറ്റ് ഫിനാൻസ് സിഎസ്ആർ മാനേജർ ജോബിൻ ജോസഫ് ജോർജ്, റീജിയണൽ മാർക്കറ്റിങ് മാനേജർ ദീപക് ശങ്കർ ബിരാദാറും ചേർന്ന് ഗോവ മുഖ്യമന്ത്രി പ്രമോദ് സാവന്തിൽ നിന്നും അവാർഡ് സ്വീകരിച്ചു. സിഎസ്ആർ ടൈംസ് എഡിറ്റർ ഹരീഷ് ചന്ദ്ര, എയർ മാർഷൽ വിപിഎസ് റാണ എന്നിവർ സന്നിഹിതരായിരുന്നു.2014ൽ ആരംഭിച്ച മുത്തൂറ്റ് സ്നേഹാശ്രയ ആരോഗ്യമേഖലയിലെ മുത്തൂറ്റ് ഫിനാൻസിൻറെ പ്രധാന സിഎസ്ആർ സംരംഭങ്ങളിലൊന്നാണ്. പാർശ്വവത്കരിക്കപ്പെട്ടവർക്കിടയിൽ രോഗനിർണയം പ്രാരംഭ ഘട്ടത്തിൽ ലഭ്യമാക്കുന്ന പദ്ധതി കേരളം, തമിഴ്നാട്, തെലങ്കാന, കർണാടകം, മഹാരാഷ്ട്ര സംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരുന്നു. മുത്തൂറ്റ് സ്നേഹാശ്രയയ്ക്ക് ഈ അവാർഡ് ലഭിച്ചതിൽ അഭിമാനമുണ്ടെന്ന് മുത്തൂറ്റ് ഫിനാൻസ് മാനേജിംഗ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.

# മികവിന്റെ പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ച് മിൽമ

**കൊച്ചി:** മിൽമ എറണാകുളം മേഖലാ യൂണിയൻ പ്രവർത്തന മികവിൻറെ ഭാഗമായുള്ള പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചു.

മാതൃകാ സംഘങ്ങൾ, മികച്ച ശീതീകരണ യൂണിറ്റുകൾ, ഗുണനിലവാരമുള്ള പാലളക്കുന്ന സംഘങ്ങൾ, മാതൃകാ കർഷകർ, ഡീലർമാർ, സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള പുരസ്കാരങ്ങളാണ് പ്രഖ്യാപിച്ചത്. മേഖലായൂണിയന്റെ നാല് ജില്ലകളിലെ മാതൃക സംഘങ്ങളായി പണ്ടപ്പിള്ളി ആപ്കോസ് (എറണാകുളംജില്ല) , ആനന്ദപുരം ആപ്കോസ് (തൃശൂർജില്ല), കുരിയനാട് ആപ്കോസ് (കോട്ടയംജില്ല), ശാന്തിഗ്രാം ആപ്കോസ് ( ഇടുക്കി ജില്ല) എന്നിവ പുരസ്ക്കാരങ്ങൾ നേടി. ബെസ്റ്റ് ബൾക്ക് മിൽക്ക് കൂളർ യൂണിറ്റുകളായി കൂടാലപ്പാട് ആപ്കോസ് (എറണാകുളംജില്ല), പട്ടിപ്പറമ്പ് ആപ്കോസ്(തൃശൂർജില്ല), ചമ്പക്കര ആപ്കോസ് (കോട്ടയംജില്ല), പട്ടയകുടി ആപ്കോസ് (ഇടുക്കി ജില്ല) എന്നിവയെ തെരഞ്ഞെടുത്തു. മികച്ച ഗുണനിലവാരമുള്ള സംഘങ്ങളിൽ വള്ളുവള്ളി ആപ്കോസ് (എറണാകുളംജില്ല), മായന്നൂർ ആപ്കോസ് (തൃശൂർജില്ല), മാന്തുരുത്തി ആപ്കോസ് (കോട്ടയംജില്ല), പഴയമറ്റം ആപ്കോസ് (ഇടുക്കി ജില്ല) എന്നിവയും പുരസ്ക്കാരത്തിനർഹമായി.മാതൃക കർഷകർക്കുള്ള ഫാം സെക്ടർ ക്ഷീരമിത്ര അവാർഡ് ഡയസ് ജോസ്, പെരിങ്ങഴ ആപ്കോസ് (എറണാകുളംജില്ല), ജോണി റ്റി ജെ മേലൂർ ആപ്കോസ് (തൃശൂർജില്ല), ബിജുമോൻ തോമസ് കുര്യനാട് ആപ്കോസ് (കോട്ടയംജില്ല), ജിൻസ് കുര്യൻ കമ്പംമേട് ആപ്കോസ് (ഇടുക്കി ജില്ല) എന്നിവർക്കാണ് നൽകുന്നത്. ചെറുകിട കർഷകർക്കുള്ള ക്ഷീരമിത്ര അവാർഡിന് അനു ജോസഫ് ചന്ദ്രപുര ആപ്കോസ് (എറണാകുളംജില്ല), വി.സി.കൃഷ്ണൻ പട്ടിപറമ്പ് ആപ്കോസ് (തൃശൂർ ജില്ല), സോണി ചാക്കോ കടപ്പൂർ ആപ്കോസ് (കോട്ടയംജില്ല), മോളിറോയി, പഴയരിക്കണ്ടം ആപ്കോസ് (ഇടുക്കി ജില്ല) എന്നിവരെയും തെരഞ്ഞെടുത്തു.

മാർക്കറ്റിംഗ് മേഖലയി മികവ്തെളിയിച്ച സ്ഥാപനങ്ങൾക്കുള്ള മിൽമ മിത്ര അവാർഡിന് ഗുരുവായൂർ ദേവസ്വം, എയിംസ് എറണാകുളം, വിനായക് കാറ്ററേഴ്സ്, ബി.പി.സി.എ എറണാകുളം എന്നിവർ അർഹരായി.ഡീലർമാർക്കുള്ള അവാർഡുകൾക്ക് എറണാകുളം കെ.സി.ചന്ദ്രശേഖരൻ, തൃശൂർ കെ.രാമചന്ദ്രൻ, കോട്ടയം അബ്ദുൾ റഹിം, ഇടുക്കി നിഷ എന്നിവരെ തെരഞ്ഞെടുത്തു. മിൽ മഷോപ്പി ജനറൽ വിഭാഗം പ്രിജിത്ത് എം.എം, ആപ്കോസ്ഷോപ്പി വിഭാഗം തിരുമറയൂർ ആപ്കോസ് എന്നിവരും അർഹരായി. കൂടാതെ വിവിധസംഘങ്ങൾക്കുള്ള പ്രോത്സാഹന പുരസ്കാരവും നൽകും. എറണാകുളം, ഇടുക്കി , കോട്ടയം , തൃശ്ശൂർ ജില്ലകളിലായി പ്രവർത്തിക്കുന്ന 936 അംഗസംഘങ്ങളാണ് എറണാകുളം യൂണിയനുള്ളത്. സെപ്തംബർ 28 ന് പെരുമ്പാവൂർ മുൻസിപ്പൽ ടൗൺ ഹാളിൽ നടക്കുന്ന മിൽമ മേഖലായൂണിയന്റെ 38ാം മത് വാർഷിക പൊതുയോഗത്തിൽ ചെയർമാൻ എം.ടി.ജയൻ ജേതാക്കൾക്ക് പുരസ്ക്കാരങ്ങൾ സമ്മാനിക്കും.



# ഡീപ് വെയ്ൻ: ദേശീയ കോൺഫറൻസ് സംഘടിപ്പിച്ചു

**കൊച്ചി:** ഡീപ് വെയ്ൻ അനുബന്ധ രോഗങ്ങളെയും ചികിത്സാ രീതികളെയും കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി രണ്ടു ദിവസത്തെ ദേശീയ കോൺഫറൻസ് സംഘടിപ്പിച്ചു. വാസ്കുലാർ സൊസൈറ്റി ഓഫ് കേരളയും വാസ്കുലാർ സൊസൈറ്റി ഓഫ് ഇന്ത്യയും സംയുക്തമായി സംഘടിപ്പിച്ച കോൺഫറൻസ് വാസ്കുലർ സർജൻ പ്രൊഫ.കെ.എസ്.നീലകണ്ഠനും വാസ്കുലർ സൊസൈറ്റി ഓഫ് ഇന്ത്യ പ്രസിഡന്റുമായ ഡോ.പി.സി. ഗുപ്തയും ഉദ്ഘാടനം ചെയ്തു. ഡീപ് വെയ്ൻ ഇന്റർവെൻഷൻസുമായി ബന്ധപ്പെട്ട് നടത്തുന്ന ആദ്യത്തെ ദേശീയ കോൺഫറൻസ് കൂടിയാണിത്.

ഡീപ് വെയ്ൻ ത്രോംബോസിസ്(ഡിവിടി) മൂലമുണ്ടാകുന്ന രോഗികളുടെയും മരണങ്ങളുടെയും എണ്ണത്തിൽ വൻവർദ്ധനവാണ് ഉണ്ടാകുന്നതെന്ന് കോൺഫറൻസിൽ പ്രധാനമായും ഉന്നയിക്കപ്പെട്ടു. ശരീരത്തിലെ ആഴത്തിലുള്ള സിരകളിൽ രക്തം കട്ടപിടിക്കുമ്പോഴാണ് ഡീപ് വെയ്ൻ ത്രോംബോസിസ് ഉണ്ടാകുന്നത്.

മിനിമം ഇൻവേസിവ് ഇന്റർവെൻഷണൽ ടെക്നിക്കുകളിലൂടെ വെയ്നുകളിൽ രൂപപ്പെടുന്ന ബ്ലഡ് ക്ലോട്ടുകൾ ചികിത്സിക്കുന്നതിനുള്ള പുതിയ സാങ്കേതിക വിദ്യകളും ചർച്ചാവിഷയമായി. ഡിവിടി ബാധിച്ചവരിൽ ഉണ്ടാവുന്ന പോസ്റ്റ്ത്രോംബോട്ടിക് സിൻഡ്രോം തുടങ്ങിയ അവസ്ഥയിലുള്ള രോഗികളിൽ ബ്ലോക്ക്ഡ് ലോവർ ലിമ്പ് വെയ്നുകളുടെ ചികിത്സാ സാധ്യതകളും കോൺഫെറൻസിൽ ചർച്ച ചെയ്തു.ഡോ. സുനിൽ രാജേന്ദ്രൻ,ഡോ. വിമൽ ഐപ്പ്, ഡോ. സിദ്ധാർത്ഥ് വിശ്വനാഥൻ ഡോ. സ്റ്റീഫൻ ബ്ലാക്ക്, ഡോ. ശ്രീറാം നാരായണൻ തുടങ്ങിയവർ സംസാരിച്ചു.

കൊച്ചി റമദ ഹോട്ടലിൽ നടന്ന സമ്മേളനത്തിൽ 15 ഓളം വിഷയങ്ങളിൽ പ്രത്യേക സെഷനുകൾ നടന്നു.

ഇന്ത്യയ്ക്കകത്തു നിന്നും ലണ്ടൻ, യുഎസ്എ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുമായി നൂറിലധികം പേരാണ് കോൺഫറൻസിൽ പങ്കെടുത്തത്. വാസ്ക് പ്രസിഡന്റ് പ്രൊഫ. ഡോ. ആർ.സി ശ്രീകുമാർ അധ്യക്ഷത വഹിച്ച പരിപാടിയിൽ ട്രഷറർ ഡോ. രാജേഷ് ആന്റോ, സൈന്റിഫിക് കമ്മറ്റി അംഗം ഡോ. വി. വിനീത് തുടങ്ങിയവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ദേശീയ പാതയിൽ തടസ്സങ്ങളില്ലാതെ ഗതാഗതം ഉറപ്പാക്കാൻ എൻഎച്ച്എഐ;100 ടോൾ പ്ലാസകൾ ട്രാക്ക് ചെയ്യും

**ന്യൂഡൽഹി:** ടോൾ പ്ലാസകളിൽ സമയ നഷ്ടമില്ലാതെയുള്ള ഗതാഗതം ഉറപ്പാക്കുന്നതിന് , നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടുള്ള കമ്പനിയായ ഇന്ത്യൻ ഹൈവേസ് മാനേജ്മെന്റ് കമ്പനി ലിമിറ്റഡ് , ടോൾ പ്ലാസകളിലെ കാത്തിരിപ്പ് സമയത്തിന്റെ തൽസമയ നിരീക്ഷണത്തിനായി, ജിഐഎസ് അടിസ്ഥാനമാക്കിയുള്ള സോഫ്റ്റ്‌വെയർ വികസിപ്പിച്ചു. തുടക്കത്തിൽ, വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറിൽ തത്സമയ നിരീക്ഷണത്തിനായി എൻഎച്ച്എഐ ഏകദേശം 100 ടോൾ പ്ലാസകൾ തെരഞ്ഞെടുത്തിട്ടുണ്ട് . ഗതാഗത തിരക്ക് സംബന്ധിച്ച് 1033 നാഷണൽ ഹൈവേ ഹെൽപ്പ്‌ലൈൻ വഴി ലഭിച്ച വിവരങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ ടോൾ പ്ലാസകൾ തിരഞ്ഞെടുത്തിരിക്കുന്നത്. ഘട്ടംഘട്ടമായി കൂടുതൽ ടോൾ പ്ലാസകളിലേക്ക് നിരീക്ഷണ സേവനം വ്യാപിപ്പിക്കും.

ടോൾ പ്ലാസയുടെ പേരും സ്ഥലവും നൽകുന്നതിന് പുറമെ, വാഹനങ്ങളുടെ വരിയുടെ നീളം (മീറ്ററിൽ ),തത്സമയ നില, ടോൾ പ്ലാസയിലെ മൊത്തം കാത്തിരിപ്പ് സമയം, വാഹന വേഗത എന്നിവയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സോഫ്റ്റ്‌വെയർ ലഭ്യമാക്കും. ടോൾ പ്ലാസയിൽ വാഹനങ്ങളുടെ തിരക്ക് നിശ്ചിത പരിധിയേക്കാൾ കൂടുതലാണെങ്കിൽ, തിരക്ക് സംബന്ധിച്ച മുന്നറിയിപ്പും ഇത് നൽകും.

ടോൾ പ്ലാസകൾ, വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറിൽ രാജ്യത്തുടനീളമുള്ള ബന്ധപ്പെട്ട ഫീൽഡ് ഓഫീസുകളുമായി ബന്ധപ്പെടുത്തിയിരിക്കുന്നു .

ടോൾ പ്ലാസകളിലെ ഗതാഗത തിരക്ക് മണിക്കൂർ, ദിവസേന, പ്രതിവാര, പ്രതിമാസ അടിസ്ഥാനത്തിൽ സ്ഥിതിവിവരക്കണക്കുകളിലൂടെ വിശകലനം ചെയ്യാൻ ഈ സോഫ്റ്റ്‌വെയർ എൻഎച്ച്എഐ ഉദ്യോഗസ്ഥരെ സഹായിക്കും.കൂടാതെ, നിലവിലെ കാലാവസ്ഥയുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ വിവരങ്ങളും പ്രാദേശിക ഉത്സവങ്ങളെക്കുറിച്ചുള്ള വിവരങ്ങളും സോഫ്റ്റ്‌വെയർ നൽകും.

ഗതാഗതക്കുരുക്ക് നിയന്ത്രിക്കുന്നതിനും ടോൾ പ്ലാസകളിലെ തിരക്ക് കുറയ്ക്കുന്നതിനും മുൻകൂർ നടപടികൾ സ്വീകരിക്കാൻ ദേശീയപാത ഉദ്യോഗസ്ഥരെ ഇത് പ്രാപ്തരാക്കും.ദേശീയപാത ഉപയോക്താക്കൾക്ക്,രാജ്യത്തുടനീളമുള്ള ടോൾ പ്ലാസകളിലെ തൽസമയ നിരീക്ഷണവും ട്രാക്കിംഗ് സംവിധാനവും വഴി തടസ്സമില്ലാതെ ടോൾ നൽകുന്നതിനും സുഗമമായ യാത്രയ്ക്കും ഇതിലൂടെ അവസരം ലഭിക്കുമെന്ന് അധികൃതർ വ്യക്തമാക്കി.



## മെഗാ ടൂറിസം ബി2ബി മീറ്റ്

# യാത്രകൾ ജീവിതത്തിലും കാഴ്ചപ്പാടുകളിലും വലിയ മാറ്റങ്ങൾ സൃഷ്ടിക്കും

**നെടുമ്പാശേരി:** മലയാളികൾ ലോക സഞ്ചാരം ആരംഭിച്ചതോടെ അവരുടെ ജീവിതത്തിലും കാഴ്ചപ്പാടുകളിലും വലിയ സ്വാധിനം ചെലുത്തുന്നുണ്ടെന്നു ലോക സഞ്ചാരി സന്തോഷ് ജോർജ് കുളങ്ങര അഭിപ്രായപ്പെട്ടു. നെടുമ്പാശ്ശേരി സിയാൽ കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച മെഗാ ടൂറിസം ബി2ബി മീറ്റ് സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കാഴ്ചപ്പാടുകൾ മാറ്റുന്നതിനും നാളത്തെ കേരളം എങ്ങനെ ആയിരിക്കണമെന്നും ചിന്തിക്കാൻ യാത്രകൾ നമ്മെ സഹായിക്കും. ഓരോ യാത്രയും അറിവിന്റെ ലോകത്തേക്കാണ് യാത്രികനെ നയിക്കുന്നത്. ആധുനിക ലോകത്തു സഞ്ചാരങ്ങൾ വിദ്യാഭ്യാസത്തിൻറെയും കൂടി ഒരു പ്രധാന പാഠപുസ്തകങ്ങളിൽ ഒന്നാണെന്നും അദ്ദേഹം പറഞ്ഞു.

സന്ദർശകരുടെ പങ്കാളിത്തംകൊണ്ടും കേരളത്തിലെ ടൂറിസം വ്യവസായത്തിൻ റെ സാധ്യതകളെ തുറന്നുകാണിച്ചതുമായ വിവിധ പരിപാടികൾകൊണ്ടും മെഗാ ടൂറിസം ബി 2 ബി മീറ്റ് സംസ്ഥാനത്തെ വിനോദ സഞ്ചാര വ്യവസായത്തിന് കരുത്ത് പകരുന്ന പരിപാടിയായി മാറിയെന്നു മഹാമേള സംഘടിപ്പിച്ച കേരളൈറ്റ്സ് ട്രാവൽസ് ആൻഡ് ടൂർസ് കൺസോർഷ്യം (കെ ടി ടി സി) ഭാരവാഹികൾ പറഞ്ഞു.

ഇന്ത്യയിലെയും വിദേശത്തേയും ടൂർ കമ്പനികൾ, ഡിഎംസികൾ, പ്രമുഖ ഹോട്ടൽസ് ആൻഡ് റിസോർട്ട്സ്, ഫ്ലൈറ്റ് കമ്പനികൾ, ഓൺലൈൻ പോർട്ടലുകൾ തുടങ്ങിയവ തുഷാറിൻറെ മൂന്നാം എഡിഷനിൽ പങ്കെടുത്തു.

ടൂറിസം മേഖലയിലെ വിദ്യാർത്ഥികൾക്കും ഈ വ്യവസായവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും ടൂറിസത്തിന്റെ സാധ്യതകളെക്കുറിച്ച് സംഘടിപ്പിച്ച ശില്പശാല പ്രധാന ആകർഷണമായി. ചൂഷണം ഇല്ലാതെ കമ്പനികളുമായി നേരിട്ട് ബിസിനസ് നടത്തുന്നതിന് കേരളത്തിലെ ട്രാവൽ ഏജന്റുമാരേയും ടൂർ ഓപ്പറേറ്റർമാരെയും ബി 2 ബി മീറ്റ് ഏറെ സഹായിച്ചു. കെ ടി ടി സി സംസ്ഥാന പ്രസിഡൻറ് മനോജ് എം. വിജയ് ബി 2 ബി മീറ്റ് ഉദ്ഘാടനം ചെയ്തു. ട്രഷറർ ഡെന്നി ജോസ് അധ്യക്ഷനായിരുന്നു. വൈസ് പ്രസിഡന്റുമാരായ ഷാജി കല്ലായി, ഷിജോ ജോർജ്, ജനറൽ സെക്രട്ടറി മനോജ് മച്ചിങ്ങൽ, ജോ. സെക്രട്ടറി ആനന്ദ് കെ. ആർ എന്നിവർപ്രസംഗിച്ചു.




# സിഫ്റ്റിൽ ദേശീയ സെമിനാർ ; ഇന്ന് സമാപിക്കും

**കൊച്ചി:** കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റും സൊസൈറ്റി ഓഫ് ഫിഷറീസ് ടെക്നോളജിസ്റ് ഇന്ത്യയും സഹകരിച്ച് അകാ ഫുഡ് എക്സലൻസ്: മൽസ്യസംസ്കരണ രംഗത്തെ നൂതന ആശയങ്ങൾ' എന്ന വിഷയത്തിൽ നടത്തുന്ന ദേശീയ സെമിനാർ ഇന്ന് സമാപിക്കും.

മന്ത്രി പി. രാജീവ് സെമിനാർ ഉദ്ഘാടനം ചെയ്തു. കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ വഴി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ളിൽ സംരംഭകത്വം വളർത്തിയെടുക്കണമെന്ന് മന്ത്രി പറഞ്ഞു. വ്യവസായഅക്കാദമിയ സഹകരണം ശക്തിപ്പെടുത്തുന്നതിനും ഉപയോഗിക്കാത്ത ഭൂമി വ്യാവസായിക ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനും ഇത്തരം സംരംഭങ്ങൾ പ്രധാനമാണെന്ന് അദ്ദേഹം എടുത്തുപറഞ്ഞു. കേരളത്തിലെ സംരംഭകത്വ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ഗവേഷണ സ്ഥാപനങ്ങൾക്ക് നിർണായക പങ്കുണ്ട്. ഈ സെമിനാർ സമുദ്രോത്പന്ന മേഖലയിലെ വ്യാവസായിക പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുമെന്നും പുതിയ സഹകരണങ്ങൾക്കും നൂതനാശയങ്ങൾക്കും വഴിയൊരുക്കുമെന്നും മന്ത്രി രാജീവ് പറഞ്ഞു.

കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസിന്റെ (കുഫോസ്) സ്ഥാപക വൈസ് ചാൻസലറായ പ്രൊഫ. ഡോ. ബി. മധുസൂധന കുറുപ്പിന് 2021 വർഷത്തിലെ സോഫ്ടി അവാർഡ് മന്ത്രി പി രാജീവ് ചടങ്ങിൽ സമ്മാനിച്ചു.സിഫ്ട് ലെ ഫിഷ് പ്രോസസ്സിംഗ് വിഭാഗം മേധാവി ഡോ. ബിന്ദു ജെ., സിഫ്ട് ലെ എക്സ്റ്റൻഷൻ ഇൻഫർമേഷൻ ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം മേധാവിയും സോഫ്ടി സെക്രട്ടറിയുമായ ഡോ. നികിത ഗോപാൽ എന്നിവർ ചടങ്ങിൽ സംസാരിച്ചു.ജലജന്യ ഉൽപന്നങ്ങളുടെ മൂല്യവും സുസ്ഥിരതയും വർധിപ്പിക്കുന്നതിനായുള്ള മത്സ്യ സംസ്കരണ വ്യവസായത്തിലെ ഏറ്റവും പുതിയ നൂതന ആശയങ്ങളെ കുറിച്ച് സെമിനാർ ചർച്ച ചെയ്യുന്നു. വിവിധ മേഖലകളിൽ നിന്നുള്ള ഏകദേശം നൂറോളം പ്രതിനിധികൾ സെമിനാറിൽ പങ്കെടുക്കുന്നുണ്ട്.

# ഫെഡറൽ ബാങ്ക് വാർഷിക പൊതുയോഗം നടത്തി

**കൊച്ചി:** ഫെഡറൽ ബാങ്കിന്റെ ഓഹരി ഉടമകളുടെ 93മത് വാർഷിക പൊതുയോഗം നടത്തി. ബാങ്ക് ചെയർമാൻ എ പി ഹോത്ത അധ്യക്ഷത വഹിച്ചു. 2023 2024 സാമ്പത്തിക വർഷത്തേക്കുള്ള ഓഡിറ്റു ചെയ്ത സാമ്പത്തിക ഫലവും ഓഹരിയൊന്നിന് 60 ശതമാനം നിരക്കിൽ 1.20 രൂപ ലാഭവിഹിതം നൽകാനുള്ള തീരുമാനവും യോഗം അംഗീകരിച്ചു. 2024 സെപ്റ്റംബർ 23 മുതൽ മൂന്നു വർഷത്തേക്ക് കൃഷ്ണൻ വെങ്കിട സുബ്രഹ്മണ്യനെ മാനേജിങ് ഡയറക്ടറും സിഇഒയുമായി നിയമിക്കൽ, ബാങ്ക് ഡയറക്ടറായുള്ള ശാലിനി വാര്യരുടെ പുനർനിയമനം, നോൺ എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ പ്രതിഫലം പ്രതിവർഷം 20 ലക്ഷം രൂപയിൽ നിന്ന് 30 ലക്ഷം രൂപയാക്കി ഉയർത്തൽ, ശാലിനി വാര്യർക്കും ഹർഷ് ദുഗറിനും പെർഫോർമൻസ് ലിങ്ക്ഡ് ഇൻസന്റീവ് നൽകൽ തുടങ്ങിയവയ്ക്കും യോഗം അംഗീകാരം നൽകി.ബാങ്കിന്റെ ലാഭം 3800 കോടി രൂപയിലേക്കും ആകെ ബിസിനസ് നാലു ലക്ഷം കോടി രൂപയിലേക്കും ഉയർത്തുന്ന വിധത്തിൽ നടത്തിയ മികച്ച പ്രകടനത്തെ കുറിച്ച് ചെയർമാൻ എ പി ഹോത്ത ഓഹരി ഉടമകളോടു വിശദീകരിച്ചു. ബാങ്കിന്റെ ജീവനക്കാരുടെ എണ്ണം ഇരട്ടിയും സാന്നിധ്യം മൂന്നിരട്ടിയും ഇടപാടുകാരുടെ എണ്ണം നാലിരട്ടിയും മാർക്കറ്റ് ക്യാപ്പും അറ്റമൂല്യവും മികച്ചരീതിയിലും ഉയർന്നതിലൂടെ ഫെഡറൽ ബാങ്ക് മാറിക്കഴിഞ്ഞു എന്ന് മാനേജിങ് ഡയറക്ടറും സിഇഒയുമായ ശ്യാം ശ്രീനിവാസൻ പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഹോണ്ട കാർസ് ഇന്ത്യയ്ക്ക് ഓഗസ്റ്റിൽ 11,143 കാറുകളുടെ വിൽപ്പന

**ന്യൂഡൽഹി:** മുൻനിര പ്രീമിയം കാർ നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് (എച്ച്സിഐഎൽ) 2024 ഓഗസ്റ്റിൽ 11,143 കാറുകളുടെ വിൽപ്പന രേഖപ്പെടുത്തി. ഓഗസ്റ്റ് 2024 മാസം ആഭ്യന്തര വിൽപ്പന 5326 യൂണിറ്റുകളും കയറ്റുമതി 5817 യൂണിറ്റുകളുമാണെന്ന് ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് മാർക്കറ്റിംഗ് സെയിൽസ് വൈസ് പ്രസിഡന്റ് കുനാൽ ബെൽ പറഞ്ഞു, ഓഗസ്റ്റിലെ വിൽപ്പന പ്രതീക്ഷകൾക്ക് അനുസൃതമായിരുന്നു, കൂടാതെ ഉത്സവ സീസണായ ചിങ്ങത്തിൽ ആരംഭിച്ചതിനാൽ ചില്ലറ വിൽപ്പനയിലും ഡെലിവറികളിലും ശ്രദ്ധ കേന്ദ്രീകരിച്ചു. ദക്ഷിണേന്ത്യൻ സംസ്ഥാനമായ കേരളത്തിൽ വരും മാസങ്ങളിൽ ഡിമാൻഡ് വർധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്, കൂടാതെ കയറ്റുമതി രംഗത്ത് ഹോണ്ട എലിവേറ്റിന്റെയും സിറ്റിയുടെയും ശക്തമായ പ്രകടനം തുടരുന്നതിനാൽ തങ്ങളുടെ ശക്തമായ വളർച്ചയും തുടരും.ഓഗസ്റ്റ് 2023ൽ ആഭ്യന്തര വിൽപ്പനയിൽ 7,880 യൂണിറ്റുകൾ രജിസ്റ്റർ ചെയ്ത കമ്പനി 2,189 യൂണിറ്റുകൾ കയറ്റുമതി ചെയ്തിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

# സ്‌ലാവിയ മോണ്ടി കാർലോ പതിപ്പുമായി സ്കോഡ ഇന്ത്യ



**കൊച്ചി:** ഏറ്റവും പുതിയ സ്ലാവിയ മോണ്ടി കാർലോ പതിപ്പ് സ്കോഡ ഇന്ത്യയിൽ അവതരിപ്പിച്ചു. ഒപ്പം സ്പോർട് തീമിലുള്ള സ്ലാവിയ, കുഷാക് നിരയെ കൂടുതൽ കരുത്തുറ്റതാക്കുന്ന പുതിയ സ്പോർട്ലൈൻ പതിപ്പുകളും അവതരിപ്പിച്ചു. ഈ കാറുകൾക്കൊപ്പം ഉപഭോക്താക്കൾക്ക് മികച്ച ആനുകൂല്യങ്ങളും കമ്പനി പ്രഖ്യാപിച്ചു.സ്കോഡയുടെ ഇന്ത്യയിലെ വളർച്ചയ്ക്ക് കരുത്തു പകരുകയാണ് ലക്ഷ്യമെന്ന് സ്കോഡ ഓട്ടോ ഇന്ത്യ ബ്രാൻഡ് ഡയറക്ടർ പീറ്റർ ജനെബ പറഞ്ഞു.

സവിശേഷമായ സ്റ്റൈൽ, സ്പോർടി കാഴ്ച, വേറിട്ട നിൽക്കുന്ന രൂപകൽപ്പന എന്നി ആഗ്രഹിക്കുന്ന ഉപഭോക്താക്കളെ തീർച്ചയായും സ്ലാവിയ മോണ്ടി കാർലോ ആകർഷിക്കും. ഇതോടൊപ്പം, മാറുന്ന അഭിരുചികൾക്കൊപ്പം പുതിയ ഭാവത്തിലും ഫീച്ചറുകളോടെയും സ്ലാവിയ സ്പോർട്ലൈനും കുഷാക് സ്പോർട്ലൈനും തങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. കൂടുതൽ സ്വീകാര്യമായ വിലയിൽ സ്പോർടി ഭാവത്തിലുള്ള മോണ്ടി കാർലോ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്ക് ഏറ്റവും അനുയോജ്യമാണ് സ്പോർട്ലൈൻ. ഈ പുതിയ കാറുകൾക്കൊപ്പം ഇന്ത്യയിൽ സ്കോഡ കുടുംബം വളരുകയാണെന്നും പീറ്റർ ജനെബ പറഞ്ഞു.പുതിയ കാറുകൾക്കൊപ്പം വാർഷിക ആനുകൂല്യങ്ങളും സ്കോഡ ഇന്ത്യ പ്രഖ്യാപിച്ചു. റാലി മോണ്ടി കാർലോയിലെ അരങ്ങേറ്റത്തിന്റെ 112ാം വാർഷികത്തോടനുബന്ധിച്ച്, സ്ലാവിയയുടേയും കുഷാക്കിന്റേയും മോണ്ടി കാർലോ, സ്പോർട്ലൈൻ പതിപ്പുകൾ വാങ്ങുന്ന ആദ്യ 5000 പേർക്ക് 30,000 രൂപയുടെ ആനുകൂല്യങ്ങളാണ് ലഭിക്കുക. ഈ ഓഫർ 2024 സെപ്തംബർ 6 വരെ ലഭിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.



# ഇന്ത്യൻ ആർമിയ്ക്ക് വാഹനങ്ങൾ സമ്മാനിച്ച് റെനോ ഇന്ത്യ

**ന്യൂഡൽഹി :** ഇന്ത്യൻ ആർമി നോർത്തേൺ കമാൻഡിന്റെ 14 കോർപ്സിന് റെനോ കൈഗർ, ക്വിഡ്, ട്രൈബർ എന്നിവ റെനോ ഇന്ത്യ സമ്മാനിച്ചു. പ്രതിരോധ സേനയെ പിന്തുണയ്ക്കാനുള്ള റെനോ ഇന്ത്യയുടെ പ്രതിബദ്ധതയുടെ ഭാഗമാണ് ഈ പ്രവർത്തനമെന്ന് റെനോ ഇന്ത്യയുടെ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് സുധീർ മൽഹോത്ര പറഞ്ഞു, ഈ വാഹനങ്ങൾ ഉപയോഗിച്ച് ഇന്ത്യൻ ആർമിയുടെ 14 കോർപ്സ്, നോർത്തേൺ കമാൻഡിന്റെ ചലനാത്മകതയും ലോജിസ്റ്റിക്കൽ കാര്യക്ഷമതയും വർദ്ധിപ്പിക്കും. നമ്മുടെ രാജ്യത്തെ സംരക്ഷിക്കുന്നവരുടെ ക്ഷേമം, അവരുടെ വിലമതിക്കാനാവാത്ത സേവനത്തിനുള്ള തങ്ങളുടെ നന്ദി ചെറിയ അടയാളം മാത്രമാണെന്നും അദ്ദേഹം പറഞ്ഞു.

# ആലപ്പി റിപ്പിൾസിന്റെ ഔദ്യോഗിക ഗാനം പുറത്തിറക്കി

**ആലപ്പുഴ:** കേരള ക്രിക്കറ്റ് ലീഗിലെ ആലപ്പുഴയുടെ സ്വന്തം ടീമായ ആലപ്പി റിപ്പിൾസ് നാടിന്റെ ആവേശമുൾകൊള്ളുന്ന ഔദ്യോഗിക ഗാനം പുറത്തിറക്കി. ആലപ്പുഴയിലെ വള്ളംകളിയുടെ ഓളങ്ങളിലും തീരങ്ങളിലും നിറഞ്ഞുനിൽക്കുന്ന ഉത്സാഹത്തെ മുണ്ടുടുത്ത് കളികളത്തിലേക്കും സന്നിവേശിപ്പിക്കുന്ന കളിക്കാരെ അവതരിപ്പിച്ചാണ് ഔദ്യോഗിക ഗാനം

ബി. കെ. ഹരിനാരായണൻ വരികളെഴുതി ബി. മുരളി കൃഷ്ണ സംഗീതം നിർവ്വഹിച്ചിരിക്കുന്ന ഗാനത്തിന്റെ ആലാപനം യാസീൻ നിസാറും ബി. മുരളി കൃഷ്ണനും ചേർന്നാണ്. വിനു വിജയ് സംവിധാനം ചെയ്ത് ഷിജു എം. ഭാസ്കർ ഛായാഗ്രഹണം നിർവ്വഹിച്ച ഗാനത്തിൽ പ്രമുഖ ഇൻഫ്ലുൻസർമാരായ ജിന്റോ ബോഡിക്രാഫ്റ്റ്, അഖിൽ എൻആർഡി, അഖിൽ ഷാ എന്നിവരും അഭിനയിക്കുന്നുണ്ട്. ഗാനത്തിന്റെ പ്രൊഡക്ഷൻ ഡിസൈൻ എക്സ് ആർ എഫ് എക്സ് ഫിലിം ഫാക്ടറി, കോൺസെപ്റ്റ് & ഡിസൈൻ ജീമോൻ പുല്ലേലി, നോക്റ്റെ പി കെ, ടീം ആർ കെ സ്വാമി, ദിവ്യ, സ്ക്രിപ്റ്റിംഗ് വിനു വിജയ്, നോക്റ്റെ പി കെ, എഡിറ്റർ അരുൺ കുറവൻ, പ്രൊഡക്ഷൻ കൺട്രോളർ ടൈറ്റസ് ജോൺ, അസോസിയേറ്റ് ഡയറക്ടർ അമൽ ദേവ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ജോഷി കാവാലം, വിഎഫ്എക്സ് വിനെക്സ് വർഗീസ്. ആലപ്പി റിപ്പിൾസിന്റെ സോഷ്യൽ മീഡിയ പേജുകളിലൂടെയാണ് ഔദ്യോഗിക ഗാനം പുറത്തിറക്കിയത്.

# നാല് പുതിയ ഉപകരണങ്ങൾ അവതരിപ്പിച്ച് ഉഷ



**കൊച്ചി:** ഓണത്തോടനുബന്ധിച്ച് നാല് പുതിയ അടുക്കള ഉപകരണങ്ങൾ വിപണിയിൽ അവതരിപ്പിച്ച് ഉഷ ഇന്റർനാഷണൽ.പാരമ്പര്യവും ആധുനിക കാലത്തെ കാര്യക്ഷമതയും സമന്വയിപ്പിച്ച് രൂപകൽപ്പന ചെയ്തിരിക്കുന്ന ഐ ഷെഫ് എയർ ഫ്രയർ, കൊളോസൽ നിയോ വെറ്റ് ഗ്രൈൻഡർ, തണ്ടർ ബോൾട്ട് പ്രൊ 1000 മിക്സർ ഗ്രൈൻഡർ, റൈസ് കുക്കർ എന്നീ നൂതന അടുക്കള ഉപകരണങ്ങളാണ് കമ്പനി വിപണിയിൽ ഇറക്കിയിരിക്കുന്നത്. 8 പ്രീസെറ്റ് മെനുകളും 10 വൈവിധ്യമാർന്ന പാചക പ്രവർത്തനങ്ങളും ഫീച്ചർ ചെയ്യുന്നതും ഏറ്റവും കുറഞ്ഞ എണ്ണ ഉപയോഗിച്ചു ബനാന ചിപ്സ് മുതൽ ഉള്ളിവട വരെയുള്ള വൈവിധ്യമാർന്ന പലഹാരങ്ങൾ തയ്യാറാക്കാൻ സഹായിക്കുന്ന ഐഷെഫ് എയർ ഫ്രയറിനു വില 11 990 രൂപയാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.എല്ലാവിധ പരമ്പരാഗത പാചകക്കുറിപ്പുകൾക്കും അനുയോജ്യമായ മാവുകൾ ഉണ്ടാക്കാൻ ഉപകരിക്കുന്ന കൊളോസൽ നിയോ വെറ്റ് ഗ്രൈൻഡറിൻറെ വില 6, 890 രൂപ. ഏറ്റവും കുറഞ്ഞ പരിശ്രമത്തിലൂടെ പാചക മികവ് നേടാൻ ആഗ്രഹിക്കുന്നവർക്ക് ഉപകരിക്കുന്ന തണ്ടർബോൾട്ട് 1000 മിക്സർ ഗ്രൈൻഡറിനു 8,900 മുതൽ 9,790 രൂപവരെയാണ് വില. ചെറുതും ഇടത്തരവുമായ കുടുംബങ്ങൾക്കും ഒത്തുചേരലുകൾക്കും അനുയോജ്യവും ഒതുക്കമുള്ളതുമായ 1.8 ലിറ്റർ പവർഹൗസാണ് ഉഷ റൈസ് കുക്കറുകൾ. ഓട്ടോമേറ്റഡ് ടൈമിംഗും താപനില നിയന്ത്രണവും ഇതിൻറെ സവിശേഷതയായി പറയാം. 2 മുതൽ 5 വർഷം വരെ വാറൻറി ലഭിക്കും. വില 4, 690 രൂപയാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ഓഗസ്റ്റിൽ 5,38,852 ബൈക്കുകൾ വിൽപ്പന നടത്തിയതായി ഹോണ്ട

**കൊച്ചി:** വിൽപനയിൽ ഇരട്ട അക്ക വളർച്ച തുടരുന്ന ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) 2024 ഓഗസ്റ്റിലെ വിൽപന കണക്കുകൾ പുറത്തുവിട്ടു. 5,38,852 യൂണിറ്റ് ഇരുചക്ര വാഹനങ്ങളാണ് പോയ മാസം കമ്പനി വിറ്റഴിച്ചത്. 13 ശതമാനമാണ് വാർഷിക വളർച്ച. ആകെ വിൽപനയിൽ 4,91,678 യൂണിറ്റുകൾ ആഭ്യന്തര വിപണിയിലാണ് വിറ്റഴിച്ചത്. 47,174 യൂണിറ്റുകൾ കയറ്റുമതി ചെയ്തു.

കഴിഞ്ഞ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് കയറ്റുമതി 79 ശതമാനം വർധിച്ചപ്പോൾ, ആഭ്യന്തര വിൽപനയിൽ 9 ശതമാനം വളർച്ച രേഖപ്പെടുത്തി.

മധ്യപ്രദേശ് വിപണിയിൽ ഹോണ്ടയുടെ ആകെ യൂണിറ്റുകളുടെ വിൽപന ഓഗസ്റ്റിൽ 30 ലക്ഷം കടന്നു. തിരുവനന്തപുരം ഉൾപ്പെടെ രാജ്യത്തെ 11 നഗരങ്ങളിൽ റോഡ് സുരക്ഷ ബോധവൽക്കരണ ക്യാമ്പയിനുകളും ഹോണ്ട കഴിഞ്ഞ മാസം സംഘടിപ്പിച്ചു. ഹോണ്ട ഇന്ത്യ ഫൗണ്ടേഷൻറെ നേതൃത്വത്തിൽ സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് പ്രത്യേക വീഡിയോ കാമ്പയിനും നടത്തി. ഇതിന് പുറമേ 2024 ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലൻറ് കപ്പിൽ ഹോണ്ട റേസിങ് ഇന്ത്യ ടീം റൈഡർമാരുടെ മികച്ച പ്രകടനത്തിനും പോയ മാസം സാക്ഷിയായി. മൂന്നാം റൗണ്ടിൽ സിദ്ദേഷ് സാവന്ത് എതിരാളികൾ ഇല്ലാതെ കുതിച്ചു. സാവിയോൺ സാബു, ബീധാനി രാജേന്ദ്ര എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിൽ ഫിനിഷ് ചെയ്തു.

# ടോളിൻസ് ടയേഴ്സ് ഐപിഒ 9 മുതൽ

മുംബൈ: ടോളിൻസ് ടയേഴ്സ് ലിമിറ്റഡിൻറെ 230 കോടി രൂപയുടെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 സെപ്തംബർ 09 മുതൽ 11 വരെ നടക്കും.200 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 30 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 5 രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 215 രൂപ മുതൽ 226 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്.കുറഞ്ഞത് 66 ഇക്വിറ്റി ഓഹരികൾക്കും തുർന്ന് 66 ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.സാഫ്രോൺ ക്യാപിറ്റൽ അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

# ടാലൻറ് മെൻറർഷിപ്പ് പദ്ധതി അവതരിപ്പിച്ച് വിൻസോ

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ സോഷ്യൽ ഗെയിമിങ്, ഇൻററാക്ടീവ് എൻറർടൈൻമെൻറ് സംവിധാനമായ വിൻസോ തങ്ങളുടെ പതാകവാഹക ടാലൻറ് മെൻറർഷിപ്പ് പദ്ധതിയായ ബാറ്റിൽ ഓഫ് സൂപ്പർ സ്കോളേഴ്സ് അവതരിപ്പിച്ചു. ഇന്ത്യയിലെ ആറു മുൻനിര ബിസ്ക്കൂളുകളായ ഐഐഎം അഹമദാബാദ്, ഐഐഎം ബെംഗലൂരു, ഐഐഎം കൊൽക്കത്ത, ഐഐഎം ലക്നോ, എഫ്എംഎസ് ഡെൽഹി, ഐഎസ്ബി എന്നിവയുമായി സഹകരിച്ചുള്ള ഈ നീക്കം വഴി രാജ്യത്തെ ഏറ്റവും തിളക്കമേറിയ മനസുകളെ സാങ്കേതികവിദ്യാ പുതുമകൾക്കായി ശാക്തീകരിച്ച് ഈ മേഖലയിൽ നിന്നുള്ള ഐപി കയറ്റുമതിയുടെ അടിസ്ഥാനത്തിലുള്ള വളർച്ച വർധിപ്പിക്കുകയും ഇന്ത്യയെ മുൻനിര ആഗോള ഗെയിമിങ് വിപണികൾക്ക് ഒപ്പം എത്തിക്കുകയുമാണ് ലക്ഷ്യമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.



# ജാവ 42 എഫ്ജെ പുറത്തിറക്കി

**കൊച്ചി:** ജാവ യെസ്ഡി മോട്ടോർസൈക്കിൾസ്, ജാവ 42 ലൈഫ് സീരീസിലെ ഏറ്റവും പുതിയ മോഡലായ ജാവ 42 എഫ്ജെ പുറത്തിറക്കി. ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയ രൂപകൽപന ചെയ്ത പുത്തൻ മോഡൽ, സവിശേഷമായ ഫീച്ചറുകളോടെ മികച്ച ഡിസൈനിലാണ് വിപണിയിലെത്തുന്നത്.

നീളമുള്ള 1440 എംഎം വീൽബേസും ഉയർന്ന 178 എംഎം ഗ്രൗണ്ട് ക്ലിയറൻസും നൽകുന്ന ജാവ 42 എഫ്ജെയിൽ, സെഗ്മെൻറിലെ തന്നെ ആദ്യത്തെ ബ്രഷ്ഡ് അലുമിനിയം ടാങ്ക് പാനലുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മെച്ചപ്പെടുത്തിയ എർഗണോമിക്സോടുകൂടിയ പുതിയ മസ്കുലാർ നിയോക്ലാസിക് ഡിസൈനാണ് മറ്റൊരു സവിശേഷത. വ്യത്യസ്തമായ സൗണ്ട്ട്രാക്കോടുകൂടിയ പുതിയ എക്സ്ഹോസ്റ്റ്, ഓൾഎൽഇഡി ലൈറ്റിങ്, ഈ സെഗ്മെൻറിലെ ഏറ്റവും മികച്ച ബ്രേക്കിങ് എന്നിവയാണ് മറ്റു പ്രധാന സവിശേഷതകൾ.

വിസ്മയിപ്പിക്കുന്ന അഞ്ച് നിറങ്ങളിലും ഒന്നിലധികം ക്ലാഡിങ് ഓപ്ഷനുകളിലുമായി വരുന്ന ജാവ 42 എഫ്ജെ മോഡലിന് പുതിയ 350 ആൽഫ2 എഞ്ചിനാണ് കരുത്തേകുന്നത്. ഇത് 29.2 പി.എസ് പവറും 29.6 എൻ.എം ടോർക്കും നൽകുമെന്നും അനുപം തരേജ പറഞ്ഞു.199,142 രൂപയാണ് ഡൽഹി എക്സ്ഷോറൂം പ്രാരംഭ വില.

# പുതിയ ടിവിഎസ് ജൂപ്പിറ്റർ 110 പുറത്തിറക്കി



**കൊച്ചി:** ഇരുചക്ര, മുച്ചക്ര വാഹന വിഭാഗങ്ങളിലെ പ്രമുഖ ആഗോള വാഹന നിർമാതാക്കളായ ടിവിഎസ് മോട്ടോർ കമ്പനി (ടിവിഎസ്എം) പുതിയ ടിവിഎസ് ജൂപ്പിറ്റർ 110 പുറത്തിറക്കി. നെക്സ്റ്റ് ജെൻ എഞ്ചിനൊപ്പം ഈ സെഗ്മെൻറിലെ ആദ്യത്തെ ഫീച്ചറുകൾ സജ്ജീകരിച്ചാണ് പുതിയ മോഡൽ പുറത്തിറങ്ങുന്നത്.

കൂടുതൽ സ്റ്റൈൽ, മൈലേജ്, പ്രകടനം, സൗകര്യം, സുരക്ഷ, സാങ്കേതികവിദ്യ എന്നിവയുമായാണ് പുതിയ ടിവിഎസ് ജൂപ്പിറ്റർ 110 വിപണിയിലെത്തുന്നതെന്ന് ടിവിഎസ് മോട്ടോർ കമ്പനി സീനിയർ വൈസ് പ്രസിഡൻറ് ഹെഡ് കമ്മ്യൂട്ടർ ബിസിനസ് ആൻഡ് ഹെഡ് കോർപ്പറേറ്റ് ബ്രാൻഡ് ആൻ്റ് മീഡിയ അനിരുദ്ധ ഹൽദാർ പറഞ്ഞു.6500 ആർപിഎമ്മിൽ 5.9 കിലോവാട്ട് പവറും, 5000 ആർപിഎമ്മിൽ 9.8 എൻഎം ടോർക്കും സൃഷ്ടിക്കുന്ന ഐജിഒ അസിസ്റ്റോടുകൂടിയ 113.3 സിസി, സിംഗിൾ സിലിണ്ടർ, 4 സ്ട്രോക്ക് എഞ്ചിനും, 5000 ആർപിഎമ്മിൽ 9.2 എൻഎം ടോർക്ക് (അസിസ്റ്റ് ഇല്ലാതെ) ടിവിഎസ് ജൂപ്പിറ്റർ 110ന് കരുത്തേകുന്നത്. മുൻ മോഡലിനെ അപേക്ഷിച്ച് മൈലേജിൽ 10 ശതമാനം വർധനവ് കൈവരിക്കുന്ന പയനിയറിങ് സാങ്കേതികവിദ്യ സ്കൂട്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്നൊവേറ്റീവ് ഐജിഒ അസിസ്റ്റ് സാങ്കേതികവിദ്യയാണ് ഇതിന് കാരണം. ഓട്ടോ സ്റ്റാർട്ട്സ്റ്റോപ്പ് പ്രവർത്തനക്ഷമതയുള്ള ഇൻറലിജൻറ് ഇഗ്നിഷൻ സിസ്റ്റവും, ഓവർടേക്കുചെയ്യുമ്പോഴും കയറ്റം കയറുമ്പോഴും ബാറ്ററിയിൽ നിന്ന് പവർ പ്രയോജനപ്പെടുത്തി പ്രകടനം മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ഐഎസ്ജി (ഇൻറഗ്രേറ്റഡ് സ്റ്റാർട്ടർ ജനറേറ്റർ) സംവിധാനവും പുതിയ മോഡലിലുണ്ട്.

ഇത് ആവശ്യമുള്ളപ്പോൾ കൃത്യമായി അഡീഷണൽ ആക്സിലറേഷൻ സുഗമമാക്കുകയും ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. ഡോൺ ബ്ലൂ മാറ്റ്, ഗാലക്സിക് കോപ്പർ മാറ്റ്, ടൈറ്റാനിയം ഗ്രേ മാറ്റ്, സ്റ്റാർലൈറ്റ് ബ്ലൂ ഗ്ലോസ്, ലൂണാർ വൈറ്റ് ഗ്ലോസ്, മെറ്റിയോർ റെഡ് ഗ്ലോസ് എന്നിങ്ങനെ ആവേശം ജനിപ്പിക്കുന്ന ആറ് നിറങ്ങളിലാണ് പുതിയ ടിവിഎസ് ജൂപ്പിറ്റർ 110 എത്തുന്നത്. 80,680 രൂപയാണ് കേരളത്തിലെ എക്സ്ഷോറൂം പ്രാരംഭ വില. ഡ്രം, ഡ്രം അലോയ്, ഡ്രം എസ്എക്സ്സി, ഡിസ്ക് എസ്എക്സ്സി എന്നീ നാല് വേരിയൻറുകളിൽ എല്ലാ ടിവിഎസ് മോട്ടോർ കമ്പനി ഡീലർഷിപ്പുകളിലും സ്കൂട്ടർ ലഭ്യമാകും.

# മെഡിക്കൽ ടൂറിസം: കേരളം ഉയർന്നുവരുന്നുവെന്ന് ലക്ഷ്യസ്ഥാനമായി പഠനം

തിരുവനന്തപുരം : അതിവേഗം വികസിക്കുന്ന മെഡിക്കൽ വാല്യൂ ടൂറിസത്തിന്റെ മേഖലയിൽ, ദേശീയവും ആഗോളവുമായ തലങ്ങളിൽ കേരളം ഉയർന്നുവരുന്നുവെന്ന് ഇന്ത്യയിലെ സിഐഐകെപിഎംജി പുറത്തിറക്കിയ 'കേരള മെഡിക്കൽ വാല്യൂ ട്രാവൽ വിഷൻ 2030 ഡെസ്റ്റിനേഷൻ ഫോർ മോഡേൺ മെഡിസിൻ ആൻഡ് ട്രഡീഷണൽ മെഡിസിൻ' പഠന റിപ്പോർട്ട്. പൊതു ആരോഗ്യ അടിസ്ഥാന വികസനത്തിന് പേരുകേട്ട കേരളം,ആധുനിക വൈദ്യശാസ്ത്ര വൈദഗ്ധ്യവും ആയുർവേദത്തിന്റെയും മറ്റ് തദ്ദേശീയ ചികിത്സാ രീതികളുടേയും പാരമ്പര്യങ്ങൾ സംയോജിപ്പിക്കുന്നതാണ്. സംസ്ഥാനത്തെ ആരോഗ്യ സംരക്ഷണ മേഖല വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രധാന ശുപാർശകൾ റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നുണ്ട്. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി സംഘടിപ്പിച്ച കേരള ഹെൽത്ത് ടൂറിസത്തിന്റെ 11ാം പതിപ്പിലാണ് കെപിഎംജി റിപ്പോർട്ട് പുറത്തിറക്കിയത്.ജനങ്ങൾക്ക് ഉന്നത നിലവാരമുള്ള മെഡിക്കൽ സേവനങ്ങൾ കേരളം വാഗ്ദാനം ചെയ്യുന്നുവെന്ന് ഇന്ത്യയിലെ കെപിഎംജി ഹെൽത്ത്കെയർ സെക്ടറിന്റെ പങ്കാളിയും കോഹെഡുമായ ലളിത് മിസ്ത്രി പറഞ്ഞു.സംസ്ഥാനത്തുടനീളം മെഡിക്കൽ, ആയുഷ്, വെൽനസ് എന്നിവയ്ക്കായുള്ള മരുന്നുകൾ,ഹബ്ബുകൾ, മെഡിക്കൽ, വെൽനസ് പ്രൊഫഷണലുകളുടെ മെഡിക്കൽ ടൂറിസം സർട്ടിഫൈഡ് പൂൾ, മെഡിക്കൽ, വെൽനസ് ടൂറിസം വികസനത്തിനും പ്രമോഷനുമായി ബോർഡ് കൗൺസിൽ, മെഡിക്കൽ വാല്യൂ ട്രാവൽ പേഷ്യന്റ് ഹെൽപ്പ്ഡെസ്ക്, സംസ്ഥാനത്തെ ആയുർവേദ ഉൽപന്ന രൂപീകരണത്തിലും നിർമ്മാണത്തിലും സ്റ്റാൻഡേർഡൈസേഷൻ, മെഡിസിൻ സമ്പ്രദായത്തിനായുള്ള അസംസ്കൃത വസ്തുക്കളുടെ ബോൾസ്റ്റർ വിതരണ ശൃംഖല, പൊതുസ്വകാര്യ മേഖലകളിൽ നിന്നുള്ള തന്ത്രപരവും കേന്ദ്രീകൃതവുമായ ബോധവൽക്കരണം, മെഡിസിൻ സമ്പ്രദായത്തിൽ ഗവേഷണവും വികസനവും വളർത്തൽ തുടങ്ങി നിരവധി ശുപാർശകൾ റിപ്പോർട്ടിൽ പറയുന്നുണ്ട്.

# പുതിയ ഡിജിറ്റൽ സേവനങ്ങൾ അവതരിപ്പിച്ച് ആക്സിസ് ബാങ്ക്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ ബാങ്കുകളിലൊന്നായ ആക്സിസ് ബാങ്ക് യുപിഐഎടിഎം, ഭാരത് കണക്ട് ഫോർ ബിസിനസ് എന്നീ രണ്ടു പുതിയ ഡിജിറ്റൽ സേവനങ്ങൾ പുറത്തിറക്കി. യുപിഐ ഉപയോഗിച്ച് കാർഡ് ഇല്ലാതെ പണം പിൻവലിക്കാനും നിക്ഷേപിക്കാനും അവസരം നൽകുന്നതാണ് യുപിഐ എടിഎം. സേവിങ്സ് അക്കൗണ്ട്, ക്രെഡിറ്റ് കാർഡ്, സ്ഥിര നിക്ഷേപം, വായ്പകൾ തുടങ്ങിയവയുമായും ഇതു ബന്ധിപ്പിച്ചിട്ടുണ്ട്.എൻപിസിഐയുമായുള്ള പങ്കാളിത്തത്തിലൂടയാണ് ഭാരത് കണക്ട് ഫോർ ബിസിനസ് അവതരിപ്പിച്ചിട്ടുള്ളത്. സപ്ലൈ ചെയിനിൻറെ വിവിധ ഘട്ടങ്ങളിൽ പ്രവർത്തന മൂലധ ആവശ്യങ്ങൾ കൈകാര്യം ചെയ്യാൻ ഇതു ബിസിനസുകളെ സഹായിക്കുമെന്ന് ആക്സിസ് ബാങ്ക് ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ രാജീവ് ആനന്ദ് പറഞ്ഞു.ഈ രംഗത്ത് ഇതാദ്യമായി അവതരിപ്പിക്കുന്ന ഭാരത് കണക്ട് ഫോർ ബിസിനസ് വഴി അവസാന ഘട്ടം വരെ ഫണ്ടുകളുടെ ഡിജിറ്റലൈസ് ഫ്ളോ ഉറപ്പാക്കും. പങ്കാളികളെ ഓൺബോർഡു ചെയ്യൽ, ഓർഡറുകൾ, പെയ്മെൻറുകൾ, ഇൻവോയ്സ് അധിഷ്ഠിതവായ്പകളിലൂടെ പ്രവർത്തന മൂലധനം തുടങ്ങിയവയെല്ലാം കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ ഇതു സഹായിക്കും.പുതുമകൾ അവതരിപ്പിച്ച് ഏറ്റവും ആധുനിക സാങ്കേതികവിദ്യകളുടെ ഗുണം ഉപഭോക്താക്കൾക്ക് പ്രദാനം ചെയ്യുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും രാജീവ് ആനന്ദ് പറഞ്ഞു.




# ലോജിസ്റ്റിക്സ് പാർക്ക്സ് നയം രണ്ടാഴ്ചയ്ക്കുള്ളിൽ: മന്ത്രി പി രാജീവ്

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ ലോജിസ്റ്റിക്സ് പാർക്ക്സ് നയം രണ്ടാഴ്ചയ്ക്കുള്ളിൽ പുറത്തിറക്കുമെന്ന് വ്യവസായകയർനിയമ മന്ത്രി പി രാജീവ് പറഞ്ഞു. പ്രധാനമന്ത്രി പ്രഖ്യാപിച്ച ദേശീയ മാരിറ്റൈം ക്ലസ്റ്റർ പദ്ധതിയിൽ കേരളത്തിന് ഈ നയം മേൽക്കൈ നൽകും. കെഎസ്ഐഡിസിയുടെ സംസ്ഥാന മാരിറ്റൈം ക്ലസ്റ്ററിനും ഇതു വഴി മികച്ച ഗുണമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.കെഎസ്ഐഡിസി കൊച്ചിയിൽ സംഘടിപ്പിച്ച മാരിറ്റൈം ആൻഡ് ലോജിസ്റ്റിക്സ് റൗണ്ട് ടേബിൾ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.കഴിഞ്ഞ മാർച്ചിലാണ് സംസ്ഥാന വ്യവസായ വകുപ്പ് ലോജിസ്റ്റിക്സ് പാർക്ക്സ് നയത്തിൻറെ കരട് പുറത്തിറക്കിയത്. ലോജിസ്റ്റിക്സ് പാർക്കുകൾക്ക് ഏഴ് കോടി രൂപ വരെ സബ്സിഡിയും പാർക്കുകളെ വ്യവസായ മേഖലയായി പ്രഖ്യാപിക്കുകയും ചെയ്യുന്നതടക്കം നിരവധി ശുപാർശകളാണ് നയത്തിൽ പരാമർശിച്ചിരുന്നത്. എല്ലാ പങ്കാളിത്ത മേഖലയിൽ നിന്നുമുള്ള പ്രതികരണങ്ങൾ ലഭിച്ചു കഴിഞ്ഞതായി മന്ത്രി രാജീവ് പറഞ്ഞു. മന്ത്രിസഭയിൽ അവതരിപ്പിച്ചതിനു ശേഷം രണ്ടാഴ്ചയ്ക്കുള്ളിൽ ഇത് പുറത്തിറക്കുമെന്നും അദ്ദേഹം പറഞ്ഞു.ചേർത്തലയിൽ അടുത്ത വർഷം പൂർണസജ്ജമാകുന്ന കെഎസ്ഐഡിസിയുടെ സംസ്ഥാന മാരിറ്റൈം ക്ലസ്റ്ററിന് ഊർജ്ജം പകരുന്നതാണ് ദേശീയ മാരിറ്റൈം ക്ലസ്റ്ററെന്നും മന്ത്രി പറഞ്ഞു.പ്രധാനമന്ത്രി പ്രഖ്യാപിച്ച ദേശീയ മാരിറ്റൈം ക്ലസ്റ്ററിൽ കേരളത്തിന് പ്രത്യേക പ്രാധാന്യമുണ്ടെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന കൊച്ചിൻ ഷിപ്പ് യാർഡ് സിഎംഡി മധു എസ് നായർ ചൂണ്ടിക്കാട്ടി. രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട തന്ത്രപ്രധാന കപ്പൽനിർമ്മാണ ശാലയാണ് കൊച്ചയിലുള്ളത്. വാണിജ്യപരമായി നേട്ടമുണ്ടാക്കുന്ന എല്ലാ മേഖലകളിലും നിക്ഷേപമുൾപ്പെടെ കൊച്ചി കപ്പൽശാലയുടെ എല്ലാ സഹകരണവുമുണ്ടാകുമെന്നുംഅദ്ദേഹം ചൂണ്ടിക്കാട്ടി.വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് അധ്യക്ഷനായിരുന്ന ചടങ്ങിൽ കെഎസ്ഐഡിസി ചെയർമാൻ പോൾ ആൻറണി, എംഡിയും വ്യവസായവകുപ്പ് ഡയറക്ടറുമായ എസ് ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ ആർ ഹരികൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു.

കേരളത്തിൻറെ സമുദ്രസാധ്യതകൾ എങ്ങിനെ പൂർണമായും ഉപയോഗപ്പെടുത്താം എന്ന വിഷയത്തിൽ പാനൽ ചർച്ചയും നടന്നു. ഇന്ന് ഈ മേഖലയിൽ ഏറ്റവുമധികം സാധ്യതയുള്ള സംസ്ഥാനമാണ് കേരളമെന്ന് ചർച്ചയിൽ പങ്കെടുത്തവർ ഒന്നടങ്കം അഭിപ്രായപ്പെട്ടു. വിനോദസഞ്ചാരത്തിനും ഗതാഗതത്തിനും കേരളത്തിൻറെ ബൃഹത്തായ ജലസാധ്യതകൾ ഉപയോഗപ്പെടുത്തണം. രണ്ട് അന്താരാഷ്ട്ര തുറമുഖങ്ങളാണ് കേരളത്തിലുള്ളത്. ഇവിടേക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തിയാൽ കേരളത്തിലെ മാരിറ്റൈം മേഖലയ്ക്ക അത്ഭുതങ്ങൾ സൃഷ്ടിക്കാനാവുമെന്നും ചർച്ചയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.കെഎസ്ഐഎൻസി എംഡി ആർ ഗിരിജ, ടിവിഎസ് ഗ്ലോബൽ ഫ്രൈറ്റ് സൊല്യൂഷൻസ് ജിഎം എംഎസ്ആർ കുമാർ, മാരിറ്റൈം ബോർഡ് ചെയർമാൻ എൻ എസ് പിള്ള, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം സിഇഒ ശ്രീകുമാർ കെ നായർ, സത്വ ലോജിസ്റ്റിക്സ് ഡയറക്ടർ പത്മനാഭൻ സന്താനം, സീഹോഴ്സ് ഗ്രൂപ്പ് റീജ്യണൽ മാനേജർ പ്രകാശ് അയ്യർ, ട്രാൻസ് ഏഷ്യൻ ഷിപ്പിംഗ് സർവീസസ് എംഡി ജോൺസൺ മാത്യു കൊടിഞ്ഞൂർ, എന്നിവരാണ് ചർച്ചയിൽ പങ്കെടുത്തത്.

# കാഴ്ച പരിമിത വനിതകളുടെ ദേശീയ ടി20 കൊച്ചിയിൽ

**കൊച്ചി:** കാഴ്ച പരിമിത വനിതകളുടെ അഞ്ചാമത് ദേശീയ ടി20 ക്രിക്കറ്റ് ടൂർണമെന്റ് ജനുവരി 13 മുതൽ 18 വരെ കൊച്ചിയിൽ നടക്കുമെന്ന് ക്രിക്കറ്റ് അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ് ഇൻ ഇന്ത്യ പ്രഖ്യാപിച്ചു. തൃപ്പൂണിത്തുറ പാലസ് ഓവൽ ഗ്രൗണ്ട്, കളമശ്ശേരി സെൻറ് പോൾസ് ഗ്രൗണ്ട്, യുസി കോളേജ് ക്രിക്കറ്റ് ഗ്രൗണ്ട്, ഫിസാറ്റ് ക്രിക്കറ്റ് ഗ്രൗണ്ട്,ആലുവ കീഴ്മാട് ബ്ലൈൻഡ് സ്കൂൾ ഗ്രൗണ്ട് എന്നിവിടങ്ങളിലാണ് മത്സരം നടക്കുക. ക്രിക്കറ്റ് അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ് ഇൻ കേരളയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ടൂർണമെന്റിൽ അഞ്ച് ഗ്രൂപ്പുകളിലായി 20 സ്റ്റേറ്റ് ടീമുകളാണ് മത്സരിക്കുന്നത്.13 മുതൽ 15 വരെ ലീഗ് മാച്ച്, 16ന് ക്വാർട്ടർ ഫൈനൽ , 17ന് സെമി ഫൈനൽ, 18ന് ഫൈനൽ എന്നിങ്ങനെയാണ് ടൂർണമെന്റ് ക്രമീകരിച്ചിരിക്കുന്നതെന്ന് വേൾഡ് ബ്ലൈൻഡ് ക്രിക്കറ്റ് കൗൺസിൽ വൈസ് പ്രസിഡന്റും സിഎബികെ ചെയർമാനുമായ രജനീഷ് ഹെൻറി അറിയിച്ചു.

# പാരീസ് പാരാലിമ്പിക് ഗെയിംസ്: മെഡൽ നേടിയ താരങ്ങളെ അനുമോദിച്ച് നിത അംബാനി

**മുംബൈ:** പാരീസ് പാരാലിമ്പിക് ഗെയിംസിൽ മെഡൽ നേടിയ താരങ്ങളെ അനുമോദിച്ച് റിലയൻസ് ഫൗണ്ടേഷൻ സ്ഥാപകയും ചെയർപേഴ്സണുമായ നിത അംബാനി. പാരീസ് പാരാലിമ്പിക് ഗെയിംസിൽ ഇന്ത്യൻ അത്‌ലറ്റുകൾ രാജ്യത്തിന്റെ അഭിമാനം ഉയർത്തുന്നത് തുടരുകയാണെന്നും അതിഗംഭീരമായ പ്രകടനം നടത്തി മെഡലുകൾ നേടിയതിന് നിത്യ ശിവൻ, സുമിത് ആന്റിൽ, ശീതൾ ദേവി, രാകേഷ് കുമാർ, സുഹാസ് യതിരാജ്, തുളസിമതി മുരുകേശൻ, മനീഷാ രാമദാസ്, നിതേഷ് കുമാർ, യോഗേഷ് കത്തൂനിയ, നിഷാദ് കുമാർ, പ്രീതി പാൽ, റുബീന ഫ്രാൻസിസ് എന്നിവർക്ക് അഭിനന്ദനങ്ങളെന്നും നിതാ അംബാനി പറഞ്ഞു. മുന്നോട്ടുള്ള ഗെയിംസിന് ടീം ഇന്ത്യക്ക് ആശംസകളെന്നും അഭിനന്ദന സന്ദേശത്തിൽ നിത അംബാനി പറഞ്ഞു.

# ക്ഷേത്ര ബന്ധു പുരസ്കാര സമർപ്പണം ഇന്ന്

**കൊച്ചി:** കേരള ക്ഷേത്ര സമന്വയ സമിതിയുടെ ക്ഷേത്ര ബന്ധു പുരസ്കാര സമർപ്പണം ഇന്ന് ഉച്ചകഴിഞ്ഞ് മൂന്നിന് നോർത്ത് റെയിൽ വേ സ്റ്റേഷന് സമീപമുള്ള ശങ്കരാനന്ദ ആശ്രമത്തിൽ നടക്കുമെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ബ്രഹ്മശ്രീ ഡോ. ടി എസ്സ് വിനീത് ഭട്ട്, സംസ്ഥാന വൈസ് പ്രസിഡന്റ് സുരേഷ് കുമാർ കേശവപുരം, സംസ്ഥാന സമിതിയംഗം വിനോദ് ഒറ്റപ്പാലം, എറണാകുളം ജില്ലാ പ്രസിഡന്റ് ശ്രീജിത്ത് കിഴക്കമ്പലം എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.കേരള ക്ഷേത്ര സമന്വയ സമിതി ജനറൽ സെക്രട്ടറി തന്ത്രിമുഖ്യൻ ബ്രഹ്മശ്രീ ഡോ. ടി എസ്സ് വിനീത് ഭട്ട് ന്റെ നേതൃത്വത്തിൽ നടക്കുന്ന ചടങ്ങിൽ, മാതാ അമൃതാനന്ദമയി മഠം സ്വാമിജി ബ്രഹ്മശ്രീ. പൂർണ്ണാമൃതാനന്ദ പുരി , ഹൃഷികേശൻ സോമയാജിപ്പാട് പെരുമ്പടപ്പ് മന , മലയാലപ്പുഴ ക്ഷേത്ര തന്ത്രി അടിമറ്റത്തു മന ബ്രഹ്മശ്രീ സുരേഷ് ഭട്ടതിരിപ്പാട്, സപ്തഹാചാര്യൻ വേദശ്രീ ഡോ. പള്ളിക്കൽ മണികണ്ഠൻ, ബ്രഹ്മശ്രീ വി ടി. രാമചന്ദ്രൻ തന്ത്രികൾ ക്ഷേത്ര സമന്വയ സമിതി സംസ്ഥാന പ്രസിഡന്റ് ആലങ്കോട് ദാനശീലൻ, വർക്കിങ് പ്രസിഡന്റ് കുടശ്ശനാട് മുരളി തുടങ്ങി നിരവധി പ്രമുഖർ പങ്കെടുക്കും.

